# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ഡിസംബർ 2006 | PRIVATE CIRCULATION



മൂന്നാം പേജിൽ



എ.പി.കുഞ്ഞാമു സാഹിബിനെ അനുസ്മരിക്കുമ്പോൾ

നാലാം പേജിൽ

ആർദ്രത നഷ്ടപ്പെടുന്ന ആരോഗ്യമേഖല

ആറാം പേജിൽ



അൽഹഖ്- ലഘുചരിത്രം


ഏഴാം പേജിൽ

പിന്നിട്ട നാളുകൾ

കൊടുങ്ങല്ലൂർ യൂസുഫ് സാഹിബ്



എട്ടാം പേജിൽ



പരാജയത്തിന്റെ ട്രാക്കിലൂടെ ഇന്ത്യൻ അത്‌ലറ്റിക്സ്


## ഡെന്മാർക്കിൽ ഖുർആൻ 'ബെസ്റ്റ്സെല്ലർ'

**കേപ്പൻഹേഗൻ:** ഡെൻമാർക്കിൽ വിശുദ്ധഖുർആന് ചെലവേറുന്നു. നോൺ-ഫിക്ഷൻ വിഭാഗത്തിൽ രണ്ടാം സ്ഥാനത്താണ് ഖുർആനിപ്പോൾ. നാളുകൾക്ക് മുമ്പെ മുസ്‌ലിം ജനതയെ കാർട്ടൂൺകൊണ്ട് പ്രകോപിച്ച ഡെൻമാർക്കിൽ ഖുർആൻ പ്രചാരം വർദ്ധിച്ചത് പെട്ടെന്നായിരുന്നു. ഡാനിഷ് പത്രമായ ക്രിസ്ജെലിദ് ഡാഗ്ബെലാഡെറ്റ് പറയുന്നതനുസരിച്ച് ഒരാഴ്ചയിൽ ഏകദേശം വിശുദ്ധഖുർആന്റെ ആയിരം കോപ്പിയെങ്കിലും ഡെൻമാർക്കിൽ വിൽക്കപ്പെടുന്നു. ക്രിസ്തുമസ്സ് സമ്മാനങ്ങളായി നൽകാൻപോലും ആളുകൾ ഖുർആൻ വാങ്ങിക്കുന്നു!

ദിനംപ്രതി ഇസ്‌ലാമിനേയും മുസ്‌ലിംകളേയും കുറിച്ച് പുതിയ വാർത്തകൾ കേൾക്കുന്നതാണ് ഖുർആൻ വായിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതെന്ന് കേപ്പൻഹേഗൻ യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാം വിദഗ്ദ്ധൻ ജെ.ബി.സൈമൺസെൻ പറയുന്നു. ആളുകൾക്ക് ഖുർആൻ എന്താണെന്ന് മനസ്സിലാക്കാനുള്ള അതിയായ ആഗ്രഹമുണ്ടെന്ന് സൈമൺസെൻ നിരീക്ഷിക്കുന്നു. ഡെൻമാർക്കിലെ കുടിയേറ്റക്കാരായ മുസ്‌ലിംകൾക്കിടയിലും ഖുർആൻ കൂടുതലായി ഇപ്പോൾ വിറ്റഴിക്കപ്പെടുന്നുണ്ട്. ഡാനിഷ് ഭാഷയിൽ ആദ്യമായി ഖുർആൻ പ്രസിദ്ധപ്പെടുത്തിയത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. 1967-ൽ ആയിരുന്നു ഇത്.

# ദൈവത്തെ പരിഹസിക്കുന്ന പാശ്ചാത്യർ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

**ഈ**യിടെയായി പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാമിന്നെതിരിൽ ഒരുവിധത്തിൽ പറഞ്ഞാൽ കഠിനമായ എതിർപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ചിലർ തുറന്നെഴുതുന്നു. ചിലർ മുസ്‌ലിംകളോടു അനുകമ്പ കാണിക്കുന്നു എന്നു തോന്നുംവിധം ഇസ്‌ലമികാധ്യാപനങ്ങളുടെ ചില കുറവുകൾ ചൂണ്ടിക്കാണിക്കുന്നു. അല്ലെങ്കിൽ, ഇക്കാലത്ത് അതനുസരിച്ച് പ്രവർത്തിക്കാൻ പറ്റില്ലെന്ന് പറയുന്നു. തങ്ങൾ മതത്തിന്നെതിരാണെന്ന് പറഞ്ഞുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്ന ചില വിഭാഗവുമുണ്ട്. അത്തരക്കാർ ദൈവനിഷേധികളാണ്. അവരുടെ വീക്ഷണത്തിൽ പറഞ്ഞാൽ, ദൈവത്തെക്കുറിച്ചുള്ള സങ്കല്പം തന്നെയാണ് ഈ ലോകത്ത് സകല കുഴപ്പങ്ങളും സൃഷ്ടിക്കുന്നത്. ഞാൻ കഴിഞ്ഞ



ഒരു ഖുത്ബയിൽ, ഇംഗ്ലണ്ടിലും ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, ക്രിസ്തുമസ്സിനുമുമ്പേ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഉത്തമകൃതിയാണിതെന്ന് അവകാശപ്പെടുന്നുവെന്നും പറഞ്ഞിരുന്നു. അതിലും ദൈവം എന്നൊന്നില്ല എന്നു വരുത്തിത്തീർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇപ്രകാരംതന്നെ ജർമ്മനിയിലും ഇസ്‌ലാമിനേയും ദൈവത്തിന്റെ അസ്തിത്വത്തേയും സംബന്ധിച്ച് നിരർത്ഥകവും വ്യർത്ഥവുമായ കാര്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇവിടെ പോപ്പ് വന്നപ്പോൾ യൂനിവേഴ്സിറ്റിയിൽ അദ്ദേഹം നടത്തിയ ഒരു പ്രഭാഷണത്തിൽ നബി(സ) തിരുമേനിയേയും ഇസ്‌ലാമിലെ ദൈവസങ്കല്പത്തേയും കുറിച്ച് ആക്ഷേപം ഉന്നയിച്ചിരുന്നു. അത്ഭുതപ്പെട്ടുപോകുംവിധമുള്ള കാര്യങ്ങളാണ് അദ്ദേഹം സംസാരിച്ചത്. സമാധാനപാലകരെന്നും സ്നേഹം പരത്തുന്നവരെന്നും വാദിക്കുന്നവരുടെ തലപ്പത്തിരിക്കുന്ന വ്യക്തിയ്ക്ക് എങ്ങനെ ഇത് സംസാരിക്കാൻ കഴിയുന്നു എന്നാലോചിക്കുമ്പോൾ ആശ്ചര്യം തോന്നുന്നു. പക്ഷേ, ഏതൊരു സ്വാതന്ത്ര്യത്തിന്റെ പേരിലാണോ അദ്ദേഹം സംസാരിച്ചത്, അല്ലെങ്കിൽ വിവിധ അവസരങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ചും നബി(സ) തിരുമേനിയെക്കുറിച്ചും അങ്ങേയറ്റം തരംതാണതും ഹൃദയത്തെ മുറിപ്പെടുത്തുന്നതുമായ കാര്യങ്ങൾ പത്രങ്ങളിൽ എഴുതിയത്, അല്ലെങ്കിൽ ചില നേതാക്കളുടെ പ്രസ്താവനകളിൽ കാണാൻ കഴിഞ്ഞത്, ആ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി എത്രമാത്രം വിശാലമാണെന്നുവെച്ചാൽ, അല്പസ്വല്പം മതവി

(ശേഷം 3-ാം പേജിൽ)

## എ.പി. കുഞ്ഞാമു സാഹിബ് നിര്യാതനായി

**കോഴിക്കോട്:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കോഴിക്കോട് മേഖലാ അമീറും സത്യദൂതൻ മാസികയുടെ പ്രസാധകനും ഫസ്‌ലെ ഉമർ എജുക്കേഷൻ ട്രസ്റ്റിന്റെ ചെയർമാനുമായ എ.പി. കുഞ്ഞാമു സാഹിബ്(73) ജനുവരി 8-ന് പുലർച്ചെ 2.30-ന് നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ) ജനാസ നമസ്കാരം 9-ന് രാവിലെ 10 മണിക്ക് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടന്നു.



തലശ്ശേരി പുന്നോൽ ആലമ്പത്ത് പുത്തൻ പുരയിൽ കുഞ്ഞിപ്പോക്കറിന്റേയും കുഞ്ഞിമറിയത്തിന്റേയും മകനായ പരേതൻ 1960-ലാണ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. അന്നുമുതൽ മരണംവരെ പരേതൻ ജമാഅത്തിനു വേണ്ടി നിസ്വാർത്ഥ സേവനത്തിലാണ് ജീവിതം കഴിച്ചുകൂട്ടിയിരുന്നത്. 1962-ൽ കോഴിക്കോട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദായി തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ കോഴിക്കോട് ജമാഅത്ത് പ്രസിഡന്റായി. 1992ൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സംസ്ഥാന അമീറായി നിയോഗിക്കപ്പെട്ടു. മേഖലാ അമീർ സംവിധാനം നിലവിൽ വരുന്നതുവരെ ഇദ്ദേഹം സംസ്ഥാന അമീർ സ്ഥാനം അലങ്കരിച്ചുപോന്നു. മേഖലാ സംവിധാനം വന്നതോടെ കോഴിക്കോട് മേഖലാ അമീറായി നിയമിതനായി.


സിദ്ദീഖ് അമീറലി സാഹിബ് സംസ്ഥാന അമീറായിരുന്നപ്പോൾ ഇമാറത്ത് മെമ്പറായും ഡോ. മൻസൂർ അഹ്മദ് സാഹിബ് അമീറായിരുന്നപ്പോൾ സൂബായി ജനറൽ സെക്രട്ടറിയായും സത്യദൂതൻ ബിൽഡിംഗ് കമ്മിറ്റി സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോഴിക്കോട് നഗരഹൃദയത്തിൽ തലയുയർത്തി നിൽക്കുന്ന ബൈത്തുൽ ഖുദ്ദൂസിന്റെ നിർമ്മാണത്തിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് കുഞ്ഞാമു സാഹിബ്. ഖാദിയാൻ ജൽസയിൽ രണ്ടുതവണ അധ്യക്ഷസ്ഥാനം വഹിച്ചിരുന്നു. വാഗ്മിയും എഴുത്തുകാരനുമാണ് പരേതൻ.

ജമീല സാഹിബയാണ് ഭാര്യ. ഖലീലുർ റഹ്മാൻ, വസീം അഹ്മദ്, സാജിദ, സാലിഹ, സാബിത എന്നിവർ മക്കളും, അബ്ദുസ്സത്താർ, അബ്ദുസമദ്, റിയാസുർറഹീം, നൂർജഹാൻ, ഹസീന എന്നിവർ മരുമക്കളുമാണ്. ഡോ. എ.പി. അഹ്മദ്, അഡ്വ. ഖാദർകുട്ടി, പ്രൊഫ. എ.പി. ഹംസ, എ.പി. അബൂട്ടി, ആസ്യ, സഫിയ, ഖദീജ എന്നിവർ സഹോദരങ്ങളുമാണ്.



എ.പി.കുഞ്ഞാമു സാഹിബ് മിയാൻ സാഹിബിന്റെ കൂടെ. എൻ. അബ്ദുറഹീം സാഹിബാണ് നടുവിൽ.

## എം.എ. മുഹമ്മദ് സാഹിബ് കോഴിക്കോട് മേഖലാ അമീർ



**ഖാദിയാൻ:** ജ: എം.എ. മുഹമ്മദ് സാഹിബിനെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കോഴിക്കോട് മേഖലാ അമീറായി നിയമിച്ചതായി സംസ്ഥാന കോ-ഓർഡിനേറ്റർ അറിയിച്ചു. കോഴിക്കോട് ജമാഅത്തിന്റെ പ്രാദേശിക അമീറായും ഇദ്ദേഹത്തെ തന്നെ നിയോഗിച്ചിട്ടുണ്ട്. കോഴിക്കോട് ജമാഅത്തിന്റെ നായിബ് അമീറായി പ്രവർത്തിച്ചു വരികയായിരുന്നു. ദീർഘകാലം കൊടിയത്തൂർ ജമാഅത്തിന്റെ പ്രസിഡണ്ടായി ഇരുന്നിട്ടുണ്ട്. അടുത്തകാലത്താണ് കോഴിക്കോട്ടേക്ക് താമസം മാറ്റിയത്.

## ബർലിൻ പള്ളിക്ക് തറക്കല്ലിട്ടു

**ബർലിൻ:** ഈസ്റ്റ് ബർലിനിലെ ആദ്യത്തെ മുസ്‌ലിം പള്ളി എന്ന സവിശേഷതയുമായി ബർലിൻ അഹ്മദിയ്യ പള്ളിക്ക് ഖലീഫത്തുൽ മസീഹ് ഹ: മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു) തറക്കല്ലിട്ടു. ഏറെക്കാലമായി അനുമതി കാത്തു കഴിയുകയായിരുന്നൂ ഈ പള്ളി നിർമ്മാണ പദ്ധതി. തദ്ദേശ വാസികളുടെ എതിർപ്പിനെത്തുടർന്ന് വളരെക്കാലം ബർലിൻ പള്ളിയുടെ നിർമ്മാണാനുമതി നിഷേധിക്കപ്പെടുകയായിരുന്നു. ബർലിൻ നഗരപ്രാന്തത്തിലെ ഹെയ്നർസ് ഡോർഫിലാണ് താഴികക്കുടവും നാൽപതടി



ഉയരമുള്ള മിനാരവുമടങ്ങുന്ന പള്ളി ഉയരുന്നത്. പള്ളിയുടെ തറക്കല്ലിടൽ വേളയിലും എതിർപ്പുകൾ അവസാനിച്ചിരുന്നില്ല. ഇവിടെ മനോഹരമായ ഇസ്‌ലാമിക കേന്ദ്രം സ്ഥാപിക്കണമെന്നത് ഖലാഫത്തുൽ മസീഹ് രണ്ടാമൻ (റ)ന്റെ ആഗ്രഹമായിരുന്നു.

## അൽവസിയ്യത്ത്: ധാർമ്മിക നവലോകക്രമത്തിന് നോഹയുടെ പെട്ടകം: മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ

പ്രത്യേക പ്രതിനിധി

**പത്തപ്പിരിയം:** ആത്മീയവും ഭൗതികവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി ധാർമ്മീക മുന്നേറ്റം നടത്തുന്ന സമൂഹത്തിന് മോക്ഷത്തിന്നായുള്ള നോഹയുടെ കപ്പലാണ് അൽവസിയ്യത്തെന്ന് മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് പറഞ്ഞു. പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച 'അൽവസിയ്യത്ത്' ക്ലാസ്സിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നോഹയുടെ പെട്ടകത്തിൽ രക്ഷ തേടിയ ചെറു സമൂഹമാണ് ചരിത്രത്തിൽ ഇടം നേടി ലോകനേതാക്കളായത്. സ്വാലിഹായ ജനതക്കാണ് ഭൂമിയുടെ അവകാശം ലഭിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

ശയ്ത്വാന്റെ പ്രയത്നം മൂലം സമൂഹത്തിന് നഷ്ടമാവുന്ന തഖ്‌വയുടെ വസ്ത്രമാണ്, അവസാനത്തെ ആദമായ മസീഹ് മൗഊദ്- നവലോക ക്രമമായ അൽവസിയ്യത്തിലൂടെ പുനഃസ്ഥാപിക്കുന്നത്.

പ്രവാചകന്മാരുടെ ചരിത്രമാണ് വസിയ്യത്ത്. ധാർമ്മീകമായ നവലോകക്രമമാണ് അത് പ്രബോധിക്കുന്നത്. വസിയ്യത്തിന് ലോകചരിത്രത്തിലും ജീവിതത്തിലും മഹത്തായ ഇടമുണ്ട്. യഅ്ഖൂബ് നബിയുടെ വസിയ്യത്ത് ഖുർആൻ എടുത്ത് പറഞ്ഞത് ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിച്ചു.

യോഗത്തിൽ ഖാഇദ് സി.എച്ച്. സ്വാലിഹ് അദ്ധ്യക്ഷനായിരുന്നു. സി.കെ. മൻസൂർ സാഹിബ് ഖുർആൻ പാരായണം നടത്തി.

## മാസപ്പിറവി വിശദീകരണയോഗം

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പത്തപ്പിരിയം ശാഖയുടെ ആഭിമുഖ്യത്തിൽ 26.11.06-ന് മാസപ്പിറവി പഠന ക്ലാസ്സ് സംഘടിപ്പിച്ചു.

ശാസ്ത്രീയ തെളിവുകളിലൂടെ മാസപ്പിറവി ദൃശ്യമാവുന്ന രീതിയും അതിനെ വിശുദ്ധഖുർആനും തിരുഹദീസുകളും ശരിവയ്ക്കുന്ന രീതിയും ക്ലാസ്സിൽ സത്യദൂതൻ എഡിറ്റർ ഏ.എം. സലീം സാഹിബ് വിശദീകരിച്ചു.

അമാവാസി സംഭവിക്കുന്നതും അതിന്റെ കൃത്യസമയം കണ്ടെത്തുന്നരീതിയും അദ്ദേഹം വരച്ചുകാണിച്ചു. ഈയ്യടുത്ത കാലത്ത് മുസ്‌ലിം ജനവിഭാഗങ്ങൾക്കിടയിലുണ്ടായ മാസപ്പിറവി വിവാദത്തിന് ഉത്തരവാദി സൗദിഅറേബ്യയും അവർ പിന്തുടരുന്ന അമേരിക്കൻ നിർമ്മിത കലണ്ടറുമാണെന്നും അദ്ദേഹം വ്യക്തമാക്കി.

12$^0$ കോണകലവും 20 മണിക്കൂർ പ്രായവുമുണ്ടെങ്കിൽ മാത്രമെ പിറവി ചന്ദ്രൻ ദൃശ്യമാകൂ എന്ന് അദ്ദേഹം പറഞ്ഞു.

യോഗത്തിൽ ഖാഇദ് സി.എച്ച്. സ്വാലിഹ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് സന്നിഹിതനായിരുന്നു.

## ഊർജ്ജിത തബ്‌ലീഗ് 2006 ഡിസംബർ

**പത്തപ്പിരിയം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പത്തപ്പിരിയത്തിന്റെ സമീപപ്രദേശങ്ങളായ ചെറുമണ്ണ്, പാപ്പിൻകുന്ന്, ആമയൂർ എന്നിവിടങ്ങളിൽ ഊർജ്ജിതമായ തബ്‌ലീഗ് പരിപാടി നടത്തുകയുണ്ടായി. ഈ പരിപാടികളിൽ ലഘുലേഖകളും, അഹ്മദിയ്യാ സാഹിത്യങ്ങളും വിതരണം ചെയ്തു.

കോട്ടക്കൽ ബസ്സ്റ്റാന്റിൽ ബുക്ക്സ്റ്റാളും സംഘടിപ്പിക്കുകയുണ്ടായി. മഞ്ചേരി പള്ളിയിൽവെച്ച് പ്രത്യേക തബ്‌ലീഗ് ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ മൗലവി സി.പി.മൊയ്തീൻ കുട്ടി സാഹിബ്, മൗലവി പി. അബ്ദുൽ നാസർ സാഹിബ്, സി.കെ. മൻസൂർ സാഹിബ് എന്നിവർ പങ്കെടുക്കുകയുണ്ടായി.

## നിർധന സഹായ ഫണ്ട് സ്വരൂപിച്ചു

**പത്തപ്പിരിയം:** പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അതിന്റെ ഖിദ്മത്തെ ഖൽഖ് വകുപ്പിന്റെ പ്രവർത്തനഭാഗമായി നിർധനരും പാവപ്പെട്ടവരുമായ രോഗികളെ സഹായിക്കുന്നതിന്നായി ഫണ്ട് സ്വരൂപിച്ചു. ഈ ഫണ്ടിൽനിന്നുള്ള ആദ്യ സഹായം രണ്ട് കുടുംബങ്ങൾക്ക് ഖാഇദ് സാഹിബ് വിതരണം ചെയ്തു. ചടങ്ങിൽ മൗലവി പി. അബ്ദുൽനാസിർ സാഹിബ്, പി. അബ്ദുസ്സമദ്, സി.കെ. മൻസൂർ, സി.കെ. അൻവർ സാദത്ത് എന്നിവർ സംബന്ധിച്ചു.

## ശില്പശാല

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ യുവജന ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയിൽ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ച് ഖാദിംകൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ശില്പശാല കണ്ണൂർ ടൗൺ മജ്‌ലിസ് മുൻഖാഇദ് ജ:പി. ഉമർ സാഹിബ് ഉദ്ഘാടനം ചെയ്തു. നിഷാദ് അസീസ് (ദ്ദആ സ്വീകാര്യത), ഷെഹിൻ ഷാഫി (പ്രവാചകത്വം), നിഷാൽ അഹ്മദ് (പരിണാമസിദ്ധാന്തം), സുബിൻ അഷ്റഫ് (ഇസ്‌ലാമും ഭീകരവാദവും), ജിജിൻ നിസാർ (അൽവസിയ്യത്ത്), സജിൻ നിസാർ (സൂഫിസം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ധൈഷണികവും, ആശയപരവുമായ സംവാദങ്ങൾക്ക് ഊന്നൽ നൽകിയ ശില്പശാലയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മികച്ച നിലവാരം പുലർത്തി. പള്ളി ഖാദിം ഇബ്രാഹിം സാഹിബ് തന്റെ അനുഭവങ്ങൾ സദസ്സുമായി പങ്കുവെച്ചു. യോഗത്തിൽ ഖാഇദ് ഷാജിർ അഹ്മദ് സാഹിബ് ആദ്ധ്യക്ഷം വഹിച്ചു.



പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ ഖാഇദ് സി.എച്ച്.മുഹമ്മദ് സാലിഹ് സാഹിബ് സംസാരിക്കുന്നു. മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബിനേയും കാണാം.

## ഷട്ടിൽ മത്സരം സംഘടിപ്പിച്ചു

**കണ്ണൂർ, ഡിസംബർ 27:** കണ്ണൂർ ടൗൺ മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗൺ, കൂടാളി എന്നീ മജ്‌ലിസുകളിലെ അത്ഫാലുകൾ തമ്മിൽ ഷട്ടിൽ മത്സരം സംഘടിപ്പിച്ചു. കണ്ണൂർ ടൗൺ മസ്ജിദ് ഗ്രൗണ്ടിൽ നടത്തിയ മത്സരത്തിൽ കൂടാളി വിജയിച്ചു. നിശാൻ, നിശാദ് സഖ്യമാണ് വിജയിച്ചത്. വിജയികൾക്കുള്ള സമ്മാനങ്ങൾ കണ്ണൂർ, കാസറഗോഡ് ജില്ലാ ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് വിതരണം ചെയ്തു. ചടങ്ങിൽ കണ്ണൂർ മേഖലാ മജ്‌ലിസ് അൻസാറുല്ലാ സ്പോർട്സ് സെക്രട്ടറി പി. ഉമ്മർ സാഹിബ് അധ്യക്ഷനായിരുന്നു.

## പാലക്കാട് മേഖലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തർബിയ്യത്ത് ക്യേമ്പ് സംഘടിപ്പിച്ചു

സി. നാസിർ അഹ്മദ്, ചേലക്കര

**മുറിയക്കണ്ണി, ഡിസംബർ 10:** പാലക്കാട് മേഖല മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഏകദിന തർബിയ്യത്ത് ക്യേമ്പ് സംഘടിപ്പിച്ചു. പാലക്കാട്, തൃശ്ശൂർ മേഖലാ അമീർ പ്രൊഫ. എം.കെ അബ്ദുൽ കരീം സാഹിബ് ക്യേമ്പ് ഉദ്ഘാടനം ചെയ്തു. അഹ്മദികൾ കാലത്തിന്റെ ഖലീഫയുടെ ആഹ്വാനങ്ങൾ മനസ്സിലാക്കി ജീവിക്കണമെന്നും നമ്മുടെ സകല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ഖലീഫയിൽനിന്നും നമുക്ക് ലഭ്യമാണെന്നും അമീർ സാഹിബ് പറഞ്ഞു. നോർത്ത് ഇലാക്ക ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ഓരോ അഹ്മദിയുടേയും ലക്ഷ്യം അല്ലാഹുവിനെ പ്രാപിക്കുക എന്നതാണെന്നും അതിനായി ഖാദിംകൾ പരിശ്രമിക്കണമെന്നും അദ്ധ്യക്ഷൻ ആഹ്വാനം ചെയ്തു.

രണ്ട് സെഷനുകളായാണ് ക്യേമ്പ് സംഘടിപ്പിച്ചിരുന്നത്. ആദ്യസെഷനിൽ 'ആനുകാലിക രാഷ്ട്രീയം' എന്ന വിഷയത്തെ ആധാരമാക്കി സത്യദൂതൻ പത്രാധിപർ ജനാബ് എ.എം. സലീം സാഹിബ് ക്ലാസ്സെടുത്തു. ആനുകാലിക രാഷ്ട്രീയത്തിന്റെ കാപട്യങ്ങളിൽ അകപ്പെട്ടുപോകാതിരിക്കാൻ ഖാദിംകൾ ജാഗ്രതയോടെ ജീവിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ഉച്ചക്കുശേഷം നടന്ന രണ്ടാമത്തെ സെഷനിൽ 'അഹ്മദിയ്യാ ജമാഅത്തിന്റെ രാഷ്ട്രീയ വീക്ഷണം എന്ന വിഷയത്തെക്കുറിച്ച് മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് സംസാരിച്ചു. രാഷ്ട്രീയ നിലപാടുകളെ കുറിച്ചുള്ള ജമാഅത്തിന്റെ വീക്ഷണം വിശദമാക്കിയ അദ്ദേഹം ഐക്യകണ്ഠേനയുള്ള രാഷ്ട്രീയനിലപാടുകൾ എടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. നോർത്ത് ഇലാക്ക മാൽസെക്രട്ടറി ബാസിത് മുസ്‌ലിം സാഹിബ് അദ്ധ്യക്ഷനായിരുന്നു.

മുറിയക്കണ്ണി ജമാഅത്ത് പ്രസിഡന്റ് രായുസാഹിബ് പാലക്കാട് മേഖല അൻസാറുല്ലാ നാസിം എം.കെ. അബ്ദുൽ അസീസ് സാഹിബ് എന്നിവർ ക്യേമ്പിന് ആശംസകൾ നേർന്നു സംസാരിച്ചു. കെ. മുബശ്ശിർ അഹ്മദ് സാഹിബ്, മുസമ്മിൽ അഹ്മദ് സാഹിബ് എന്നിവർ ഖുർആൻ പാരായണം നടത്തി. ഫാബിൽ സാഹിബ് (പാലക്കാട്) പദ്യം ചൊല്ലി. മുറിയക്കണ്ണി ഖാഇദ് കെ. ഉണ്ണീൻ സാഹിബ് സ്വാഗതവും മണ്ണാർക്കാട് ഖാഇദ് മുസഫർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു.

## ദൃശ്യമാധ്യമങ്ങളുടെ ദൂഷ്യഫലങ്ങളിൽ നിന്ന് മുക്തിനേടുക: മൗലവി മുഹമ്മദ് ഇസ്മായീൽ

പ്രത്യേക ലേഖകൻ

**കോഴിക്കോട്, ഡിസംബർ 17:** ദൃശ്യമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിനു പരി ദുരുപയോഗമാണ് ഇപ്പോൾ നടക്കുന്നതെന്നും ഖാദിംകളും അത്ഫാലുകളും ഇതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും മുക്തിനേടണമെന്നും മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പറഞ്ഞു. കോഴിക്കോട്, മാത്തോട്ടം മജ്‌ലിസുകളിലെ ഖാദിംകൾക്കായി നടത്തിയ തർബിയ്യത്ത് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ദൃശ്യമാധ്യമങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും സ്വയം സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗമാണ് എം.ടി.എ. ഈ ഇസ്‌ലാമിക ചാനൽ കാണുന്നത് പ്രോത്സാഹിപ്പിച്ചാൽ യുവജനതയെ സംരക്ഷിക്കാനാകും. അദ്ദേഹം തുടർന്നു പറഞ്ഞു. കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമുസാഹിബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് സംബന്ധിച്ചു. കെ.എസ്. മുസഫർ സാഹിബ് ഖുർആൻ പാരായണം നടത്തി. മാത്തോട്ടം ഖാഇദ് ബി.എം.ശൗക്കത്തലി സ്വാഗതവും കോഴിക്കോട് ഖാഇദ് അശ്റഫ് സാഹിബ് നന്ദിയും പറഞ്ഞു.

മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ആഴ്ചകൾതോറും നടത്തിവരുന്ന ഖുത്ബ ക്വിസ് മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ മൗലവി സഫർ അഹ്മദ് സാഹിബ് വിതരണം ചെയ്തു.

## റോഡ് ശുചീകരിച്ചു

**അലനല്ലൂർ:** അലനല്ലൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഡിസംബർ 3-ന് കണ്ണംകുണ്ട് റോഡ് ശുചീകരിച്ചു. കാടുപിടിച്ചുകിടന്ന റോഡിന്റെ ഇരുവശവും വൃത്തിയാക്കുന്നതിൽ ഖാദിംകളോടൊപ്പം അത്ഫാലുകളും പങ്കെടുത്തു. ആക്റ്റിങ് ഖാഇദ് എം. ഖലീൽ അഹ്മദ് സാഹിബ് നേതൃത്വം നൽകി.

### പ്രത്യേക അറിയിപ്പ്

**ജനുവരി ലക്കം മുതൽ അൽഹഖ് വരിസംഖ്യാടിസ്ഥാനത്തിലാണ് നടത്തുന്നത്. ഖാഇദുമാർ വരിസംഖ്യ എത്രയും വേഗം സി. ശമീം സാഹിബിനെ ഏൽപ്പിക്കേണ്ടതാണ്.**

## മാസനിർണ്ണയം- ചർച്ചാക്ലാസ്

**കണ്ണൂർടൗൺ, ഡിസംബർ 24:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 'മാസപ്പിറവി- പൊരുത്തവും പൊരുത്തക്കേടും' എന്ന വിഷയത്തെ സംബന്ധിച്ച് ഒരു ചർച്ചാ ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. സത്യദൂതൻ എഡിറ്റർ എ.എം. സലീം സാഹിബ് ക്ലാസ്സെടുത്തു. ഇപ്പോൾ മാസപ്പിറവിയെടുക്കുന്നതിലുണ്ടായിട്ടുള്ള തർക്കത്തിന് അടിസ്ഥാന കാരണക്കാർ സൗദിഅറേബ്യയാണെന്നും തങ്ങളുടെ



വ്യവഹാരാവശ്യങ്ങൾക്കായി അവർ മാസപ്പിറവി സംബന്ധിച്ച് കളവ് പറയുകയാണെന്നും ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. മാസപ്പിറവിയുടെ ശാസ്ത്രീയ വശം വളരെ വിശദമായി അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. യോഗത്തിൽ സുബിൻ അശ്റഫ് അദ്ധ്യക്ഷനായിരുന്നു. അലിഹസ്സൻ സാഹിബ് ഖുർആൻ പാരായണം നടത്തി.

(1-ാം പേജിൽനിന്ന്)

ശ്വാസം വെച്ചുപുലർത്തുന്ന ഇവിടുത്തുകാരുടെ ഭാവനയ്ക്കനുസരിച്ചുള്ള ദൈവത്തെയും അതായത് ക്രൈസ്തവമതത്തെയും ഹദ്റത്ത് ഈസായെ തന്നെയും അത് വെറുതെ വിട്ടിട്ടില്ലെന്ന് കാണാം.

ഇവിടെ കഴിഞ്ഞ ദിനങ്ങളിൽ ഒപ്പേറയിൽ അങ്ങേയറ്റം തറയായ ഒരു നാടകം കളിച്ചിരുന്നു. ക്രിസ്തുമതമോ അല്ലെങ്കിൽ മതത്തിൽനിന്ന് അകന്നുനില്ക്കുന്ന ഭൂരിപക്ഷമോ ഒരാക്ഷേപവും അതിന്നെതിരിൽ ഉന്നയിച്ചില്ല. എന്നല്ല, അതനുവദനീയമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അനുവദനീയമാണെന്ന് പറഞ്ഞുവെന്ന് മാത്രമല്ല, അതിനെ വളരെ ഇഷ്ടപ്പെടുകയും ചെയ്തു. ചില മുസ്ലിം സംഘടനകളുടെ നേതാക്കന്മാരും അത് അനുവദനീയമാണെന്ന് പറഞ്ഞു. അതിൽ തുർക്കിയിലെ നേതാക്കന്മാരും മറ്റുള്ളവരുമുണ്ട്. എന്തായാലും മതവുമായി ബന്ധം പുലർത്തുന്ന ക്രിസ്ത്യാനികളിൽ ഒരുവിഭാഗം അങ്ങനെയുമുണ്ട്. ചില പാതിരിമാരുമായി നമ്മുടെയാളുകൾ ബന്ധപ്പെടുകയും സംസാരിക്കുകയും ചെയ്തപ്പോൾ അവർ, അഹ്മദികളുടെ പ്രതികരണത്തെ അംഗീകരിച്ചു. അവരുടെ നടപടി തെറ്റാണെന്നും മറ്റുള്ളവരുടെ വികാരംകൊണ്ട് കളിക്കുകയാണെന്നും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുകയാണെന്നും ദൈവത്തിന്റേയും പ്രവാചകന്മാരുടേയും അഭിമാനത്തിന്മേലുള്ള ആക്രമണമാണ് അതെന്നും പറഞ്ഞു. വാസ്തവം അതുതന്നെയാണ്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരംകൊണ്ട് കളിച്ചിട്ട് അവർ പറയുന്നു, നിങ്ങൾ പാശ്ചാത്യ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും അതിന്റെ പ്രകടനത്തിനും എതിരെ ശബ്ദം ഉയർത്തുകയാണെന്ന്. പാശ്ചാത്യ ആവിഷക്കാര സ്വാതന്ത്ര്യത്തിന്നെതിരിൽ ശബ്ദം ഉയർത്തുന്ന ആർക്കും തങ്ങളുടെ സമൂഹത്തിൽ താമസിക്കാൻ അവകാശമില്ലെന്ന് വിളംബരം ചെയ്യുന്നു. അങ്ങനെയാണെങ്കിൽ നിങ്ങളുടെ മാതൃരാജ്യത്ത് പൊയ്ക്കൊള്ളണമെന്നും ഭീഷണിമുഴക്കുന്നു.

സ്വന്തം കാര്യത്തിന് ഇവർ വലിയ ബോധവാന്മാരാണ്. തങ്ങൾക്കിഷ്ടമുള്ളത് ചെയ്യും എന്ന നിലപാടാണ് അവരുടേത്. എങ്ങനെ വേണമെങ്കിലും സ്വാതന്ത്ര്യത്തോടെ ജീവിക്കും. ആരോട് എന്തുവേണമെങ്കിലും പറയും. ഇഷ്ടമുള്ള വസ്ത്രം ധരിക്കും. ഇല്ലെങ്കിൽ നഗ്നരായി നടക്കും. എന്നാൽ, ഒരു മുസ്ലിം സ്ത്രീ സന്തോഷത്തോടുകൂടി സ്വന്തം തല മറച്ചുനടന്നാൽ, സ്കാർഫ് കെട്ടിയാൽ ഉടനെ അവരുടെ ആക്ഷേപം തുടങ്ങുന്നു. വിവിധ രീതിയിലും വിവിധ സന്ദർഭത്തിലും ഇസ്ലാമിന്നെതിരിൽ ആക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ മുസ്ലിം യുവാക്കളിൽ ഇസ്ലാമിനോട് തെറ്റുധാരണയുണ്ടാക്കാനുള്ള അടവാണിത്. ലോകം- ഇതിൽ പാശ്ചാത്യരാണ് മുൻപന്തിയിലുള്ളത്- മതത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നുവെന്നതാണ് പരമാർത്ഥം. അകലാൻ അവർ ആഗ്രഹിക്കുന്നു. കാരണം അവരുടെ പക്കലുള്ള മതത്തിൽ ജീവിതമില്ല. അത് ജീവിതം നല്കുന്ന മതവുമല്ല. അവർ, മനുഷ്യനെ, ദൈവമാക്കിക്കൊണ്ട്, ബഹുദൈവാരാധനയിൽ അകപ്പെട്ട് അവസാനം ഇങ്ങനെയൊക്കെതന്നെയാകണമായിരുന്നു. അതാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ, മുസ്ലിംകളെന്നു പറയുന്നവരും ഭൗതികത നഷ്ടപ്പെടുമോ എന്നുള്ള ഭയത്താൽ അല്ലെങ്കിൽ ഭൗതിക ശക്തികളെ ഭയന്നുകൊണ്ട്, അറിഞ്ഞോ, അറിയാതെയോ പ്രത്യക്ഷമോ അപ്രത്യക്ഷമോ ആയി ബഹുദൈവാരാധനയിൽ അകപ്പെട്ട് ആ നിലയിലേക്ക് വേഗം നീങ്ങുകയാണ്. അത് മതത്തിൽനിന്ന് അകറ്റുന്നതും ദൈവത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതുമായ നിലയിലേക്കാണ് നീങ്ങുന്നത്. കഴിഞ്ഞകാലത്തും നബിമാരെ എതിർത്തിരുന്നതും അവരെ പരിഹസിച്ചിരുന്നതും തിന്മയിലും ബഹുദൈവാരാധനയിലും മുഴുകിയിരുന്നതും ഈ പ്രകൃതക്കാർ തന്നെയാണ്. ഇതിന്റെ ഫലമായിട്ടാണ് അവരുടെമേൽ ശിക്ഷയിറങ്ങിയത്.

അല്ലാഹു നബിമാരെ അയച്ചത്, അല്ലെങ്കിൽ അയക്കുന്നത് അവരെ വിശ്വസിച്ചുകൊണ്ട് വഴിതെറ്റിപ്പോയ ജനങ്ങൾ നേരായ മാർഗ്ഗത്തിലേക്ക് വരാൻ വേണ്ടിയാണ്. ഈ ലോകത്ത് അല്ലെങ്കിൽ പരലോകത്ത് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. പക്ഷേ, മുന്നറയിപ്പുണ്ടായിട്ടും, മനസ്സിലാക്കിക്കൊടുത്തിട്ടും സത്യനിഷേധികളുടെ ഒരു വൻഭൂരിപക്ഷം അല്ലാഹുവിന്റെ പിടിത്തത്തിനും ശിക്ഷയ്ക്കും വിധേയരായി. ചിലരുടെ ചരിത്രം അല്ലാഹു വിശുദ്ധഖുർആൻ മുഖേന നമുക്ക് നല്കിയിരിക്കുന്നു. ആ ജനതയിൽ നിലനിന്നിരുന്ന തിന്മയെക്കുറിച്ചും പറഞ്ഞുതന്നു. ഇന്ന് കഴിഞ്ഞുകടന്ന ജനങ്ങളിലുണ്ടായിരുന്നതും അല്ലാഹു പറഞ്ഞതുമായ ആ തിന്മകളിൽ ഏതെങ്കിലും ഒന്ന് ഇക്കാലത്തെ ജനങ്ങളിൽ ഇല്ലാത്തതായിട്ടുണ്ടോ?

ഒപ്പേറയിൽ കളിച്ച നാടകത്തെക്കുറിച്ച് ഞാൻ പറയുകയായിരുന്നു. അതിലും നബിമാരെ പരിഹസിച്ചിരിക്കുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്ന കഥ ഇങ്ങനെയാണ്. ഒരു രാജാവ് കടൽകൊടുങ്കാറ്റിൽപെട്ടു. സുരക്ഷിതമായി താൻ കരയിലെത്തുകയാണെങ്കിൽ ആദ്യം കാണുന്ന വ്യക്തിയെ ബലി കൊടുക്കുന്നതാണെന്ന് അയാൾ സമുദ്രത്തിന്റെ ദേവതയോടു പറഞ്ഞു. സന്ദർഭവശാൽ അയാൾ ആദ്യം കണ്ടത് തന്റെ മകനെയായിരുന്നു. അപ്പോൾ അയാൾ തന്റെ തീരുമാനം മാറ്റി. ഇത് മൂന്നുവർഷം മുമ്പേ അവതരിപ്പിച്ച കഥയാണെന്ന് കേൾക്കാൻ കഴിഞ്ഞു. അയാൾ തന്റെ തീരുമാനം മാറ്റിയപ്പോൾ ആ ദേവത കോപിച്ചു. അങ്ങനെ അയാളുടെ ജനതയുടെമേൽ വൻനാശം വന്നു. അപ്പോൾ രാജാവ് തന്റെ ബലിയർപ്പിച്ചു. അതോടെ ശിക്ഷ തീർന്നു.

മതങ്ങളെ പരിഹസിക്കുക എന്നതായിരുന്നു ഇതുകൊണ്ടുള്ള ലക്ഷ്യം. പ്രത്യേകിച്ച് മുസ്ലിംകളെ ആയിരുന്നു അവർക്ക് ലക്ഷ്യമാക്കേണ്ടിയിരുന്നത്. അതുകൊണ്ട്, ഇപ്പോൾ കഥയിൽ അല്പം മാറ്റം വരുത്തി, ഒരു യൂനാനിദേവതയേയും ബുദ്ധനേയും ഹദ്റത്ത് ഈസായേയും നബി(സ) തിരുമേനിയേയും തെറ്റായ രീതിയിൽ ചിത്രീകരിച്ച് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. രാജാവ്, ബലി നടത്തുന്നതിൽനിന്ന് പിന്മാറിയിരുന്നല്ലോ. അതിനെ ഇപ്പോൾ ന്യായീകരിച്ചിരിക്കുന്നു. അതായത് ദൈവത്തിന്റെ അക്രമപരമായ വിധിക്കുമേൽ മനുഷ്യബുദ്ധി അതിജയിക്കണം എന്ന നിലയിലാക്കി മാറ്റി. നബിമാരെ ദൈവത്തിന്റെ അക്രമം പ്രകടിപ്പിക്കുന്നതിനുള്ള ചിഹ്നമായി അവരിപ്പോൾ സമർപ്പിച്ചിരിക്കുന്നു. ഒരു പ്രാവശ്യം അവതരിപ്പിച്ച ഈ നാടകം കുറച്ചു ദിവസത്തിനുള്ളിൽ വീണ്ടും കാണിക്കാൻ പരിപാടിയുണ്ട്. ഇന്നാലില്ലാഹ്. ലൗകികതയിൽ മുങ്ങിയിരിക്കുന്ന ഇക്കൂട്ടർക്ക് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെക്കുറിച്ച് ഒരു വിവരവുമില്ല. അല്ലാഹു തന്നെയും തന്റെ നബിമാരേയും കുറിച്ച് വലിയ അഭിമാനമുള്ളവനാണ്. ഇക്കൂട്ടർ ആ നബിയേയും അല്ലാഹുവിനെതന്നെയും നിന്ദിച്ചിരിക്കുകയാണ്. 'നിന്നെ നാം സൃഷ്ടിക്കാനുദ്ദേശിച്ചില്ലായിരുന്നെങ്കിൽ ഈ ആകാശവും ഭൂമിയും സൃഷ്ടിക്കുമായിരുന്നില്ല' എന്നാണ് ആ മഹാനായ നബിയെക്കുറിച്ച് അല്ലാഹു പറഞ്ഞത്. ഏതൊരു ദൈവത്തിന്റെ കാരുണ്യത്തിന്റേയും പരിപാലനത്തിന്റേയും ഫലമായിട്ടാണോ ഇവർ ഭൗതിക സമ്പത്തുകൾ വാരിക്കൂട്ടുന്നത് ആ ദൈവത്തിനുമേലാണ് ആരോപണം ഉന്നയിക്കുന്നത്. ഇരിക്കുന്ന ചില്ല തന്നെ മുറിക്കുന്നു. ലൗകികതയിൽ മുഴുകികിടക്കുന്നവനും, ബുദ്ധിയ്ക്ക് അന്ധത ബാധിച്ചവരും ആയിട്ടുള്ളവരേ! അക്രമികളും നന്ദികേടു കാണിക്കുന്നവരും നിങ്ങളാണെന്ന് അവരോട് ആരെ

(ശേഷം 4-ാം പേജിൽ)

# എ. പി. കുഞ്ഞാമു സാഹിബിനെ അനുസ്മരിക്കുമ്പോൾ

അമീർ സാഹിബ് നിസ്സാമിനെ സംബന്ധിച്ച് എന്നും ശക്തമായ നിലപാടാണ് എടുത്തുപോന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രവർത്തനം നിസാമിനെ അടിസ്ഥാനപ്പെടുത്തി മാത്രമായിരുന്നു. കേന്ദ്ര നിർദ്ദേശങ്ങൾ അപ്പടി അനുസരിക്കുന്ന പ്രകൃതക്കാരനായ അമീർ സാഹിബ് ഖിലാഫത്തുമായി അഭേദ്യമായ ഒരു ബന്ധമാണ് സ്ഥാപിച്ചിരുന്നത്. ഏത് പ്രതിസന്ധി ഘട്ടത്തേയും സൗമ്യതയോടെയും പുഞ്ചിരിച്ചും അദ്ദേഹം നേരിട്ടു. മുബല്ലിഗ്മാരോടും മുഅല്ലിമീങ്ങളോടും അദ്ദേഹത്തിന് ഒരു പ്രത്യേക അനുകമ്പയാണുണ്ടായിരുന്നത്.

*മൗലാനാ മുഹമ്മദ് ഉമർ സാഹിബ്*
*(ചീഫ് മിഷനറി)*

വിശുദ്ധ ഖുർആനിലെ 31-ാം അദ്ധ്യായത്തിൽ ഒരു വാക്യമുണ്ട്. "നിങ്ങളുടെ ശബ്ദം താഴ്ത്തുക നടത്തത്തിൽ മിതത്വം പാലിക്കുക" ഇതാണ് ആ വാക്യം. ഇത് കുഞ്ഞാമു സാഹിബ് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി എന്നതാണ് ഒരു പ്രത്യോകത. അതുപോലെ ബാഹ്യകാഴ്ചയിൽ നിന്നും വിഭിന്നമായി എപ്പോഴും ആരും ആവശ്യപ്പെടാതെ തന്നെ പുഞ്ചിരിച്ചുകൊണ്ട് സമീപിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം എന്ന് നാൽപ്പത് വർഷക്കാലത്തെ സഹവാസത്തിൽ നിന്നും എനിക്ക് അനുഭവപ്പെടുകയുണ്ടായി.

*എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബ്*
*(അമീർ കണ്ണൂർ മേഖല)*

കുഞ്ഞാമു സാഹിബ് സൂബായ് അമീർ ആകുന്നതിന് മുമ്പേ അദ്ദേഹവുമായി എനിക്ക് ബന്ധമുണ്ടായിരുന്നു. പിതൃതുല്യമായ ഒരു സ്നേഹമാണ് അദ്ദേഹം നൽകിയിട്ടുള്ളത്. തബ്ലാഗ് സംബന്ധമായോ പ്രസിദ്ധീകരണത്തെ സംബന്ധിച്ചോ ഏതെങ്കിലും തരത്തിലുള്ള പദ്ധതികളുമായി അദ്ദേഹത്തെ സമീപിക്കുമ്പോൾ വളരെ ഗൗരവമായി അവ പരിഗണിക്കാൻ അദ്ദേഹം എന്നും തയ്യാറായിരുന്നു. എറണാകുളം പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുന്ന കാര്യത്തിൽ ഹുസൂറിന്റെ അനുവാദവും ഫണ്ടും അദ്ദേഹം വാങ്ങിച്ചു തന്നിട്ടുണ്ട്. കൂടാതെ ഇപ്പോഴത്തെ പള്ളിനിർമ്മാണത്തിൽ എല്ലാവിധ പ്രോത്സാഹനവും നൽകുകയും വ്യക്തിപരമായി ഇടപെട്ട് വലിയ ഒരു തുക സംഭാവനയായി വാങ്ങിത്തരികയും ചെയ്തിരുന്നു. അദ്ദേഹത്തിന് എറണാകുളം ജമാഅത്തിനോട് ഒരു പ്രത്യേക താത്പര്യം തന്നെയുണ്ടായിരുന്നു.

*ബി.ബി. അഹ്മദ് കബീർ സാഹിബ്*
*(അമീർ എറണാകുളം മേഖല)*

മണ്ണാർക്കാട് പള്ളിയുടെ നിർമ്മാണത്തിൽ നല്ല പ്രോത്സാഹനവും സഹകരണവും നൽകിയ എ.പി. കുഞ്ഞാമു സാഹിബ് ഒരുക്കൽ ഇങ്ങനെ പറയുകയുണ്ടായി "പള്ളിയായി, ഇനി നമുക്കീ പള്ളി നിറയ്ക്കണം" ജമാഅത്തിന്റെ വളർച്ചയ്ക്ക് ആത്മാർത്ഥമായി ആഗ്രഹിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം എന്നാണ് ഇത് കാണിക്കുന്നത്. സംസ്ഥാന അമീറിനെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ ഏകദേശം ഏകകണ്ഠമായാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. ഇത് അദ്ദേഹത്തിന്റെ ജനസമ്മതി വെളിവാക്കുന്നു. അദ്ദേഹത്തിന്റെ പൂർവ്വകാല ദീനീ പ്രവർത്തനത്തിന്റെ പ്രതിഫലനമാണ് അതെന്നാണ് എന്റെ പക്ഷം.

*പ്രൊഫ. അബ്ദുൽ കരീം സാഹിബ്*
*(അമീർ പാലക്കാട് മേഖല)*

ഞാൻ ജമാഅത്തിൽ ചേർന്നിട്ട് ഏഴ് വർഷമായി. കുഞ്ഞാമു സാഹിബിന്റെ മാതൃകാപരമായ സഹനം എന്നെ ഏറെ ആകർഷിച്ചിരുന്നു. പരാതികളും സങ്കടങ്ങലും കേൾക്കാനുള്ള അദ്ദേഹത്തിന്റെ സഹനം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തമ്മിൽ കാണുമ്പോൾ ഞാൻ അദ്ദേഹത്തോട് ദീർഘനേരം സംസാരിക്കും. എല്ലാം കേട്ടിരുന്നതിന് ശേഷം അൽപം മാത്രമേ അദ്ദേഹം സംസാരിക്കുമായിരുന്നുള്ളൂ. അത് വളരെ അർത്ഥവത്തായിരിക്കും. ജമാഅത്തിനോടുള്ള സ്നേഹത്തിനും ആത്മാർത്ഥതയ്ക്കും എനിക്ക് പ്രചോദനമായത് അദ്ദേഹമാണ്.

*മുഹമ്മദലി മാസ്റ്റർ സാഹിബ്*
*(അമീർ മലപ്പുറം മേഖല)*

നിശ്ചയമായും........... ജീവനഷ്ടത്തിലൂടെ നാം നിങ്ങളെ പരീക്ഷിക്കുന്നതാണ് (2:156) എന്ന ഖുർആൻ വചനത്തിലൂടെ അല്ലാഹു നമുക്ക് നൽകിയ മുന്നറിയിപ്പ് അഭിവന്ദ്യരായ എ.പി. കുഞ്ഞാമു സാഹിബിന്റെ നിര്യാണത്തോടെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണ്. വല്ല ആപത്തും നേരിടുമ്പോൾ പരിഭ്രമിക്കാതെ "ഇന്നാലില്ലാഹ്" എന്ന് പറയുന്ന സഹനശീലരിൽ അല്ലാഹു പരേതന്റെ കുടുംബാംഗങ്ങളേയും ജമാഅത്ത് അംഗങ്ങളെയും ഉൾപ്പെടുത്തട്ടെ. അദ്ദേഹത്തിന് അല്ലാഹു പരലോകത്ത് ഉന്നതമായ സ്ഥാനവും മഗ്ഫിറത്തും നൽകുമാറാകട്ടെ.

*പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ്*
*(അമീർ തിരുവനന്തപുരം മേഖല)*

മുൻ സൂബായ് അമീറും കോഴിക്കോട് മേഖല അമീറുമായിരുന്ന കുഞ്ഞാമു സാഹിബിന്റെ വേർപാട് ദുഃഖമുളവാക്കുന്നു. കേരളാ അഹ്മദിയ്യാ ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടത്തെ പ്രതിനിധീകരിക്കുകയും തന്റെ നിസ്വാർത്ഥ സേവനം ജമാഅത്തിൻ അർപ്പിക്കുകയും ചെയ്തു. ദീർഘകാലം ഈ സ്ഥാനങ്ങളിൽ അദ്ദേഹത്തിന് എത്തിപ്പെടാൻ സാധിച്ചത് അദ്ദേഹം ദീനീ സേവനത്തിൽ കാണിച്ച ആത്മാർത്ഥത കാരണമാണ്. ആഗ്രഹം പോലെത്തന്നെ സേവനത്തിൽ മുഴുകിക്കൊണ്ട് തന്റെ നാഥന്റെ സമക്ഷത്തിൽ ഹാജരാവാൻ അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹം നൽകി. പരേതന്റെ ആത്മാർത്ഥതയും ജമാഅത്തിനോടുള്ള സ്നേഹവും വരും തലമുറ ഉൾക്കൊണ്ടാൽ അത് അദ്ദേഹത്തിന് നിലനിൽക്കുന്ന നന്മകളായി പരിണമിക്കും. നമുക്കതിനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

*ഡോ. സലാഹുദ്ദീൻ*
*(നോർത്ത് ഇലാഖാ ഖാഇദ്)*

അഹ്മദിയ്യാ ജമാഅത്തിനെ സ്നേഹിക്കുന്നവർക്ക് എ.പി.കുഞ്ഞാമു സാഹിബിന്റെ മരണം ഒരു നഷ്ടം തന്നെയാണ്. ജമാഅത്തിന്റെ സേവനം ജീവിത ചര്യയാക്കിമാറ്റിയ കുഞ്ഞാമു സാഹിബ് സജീവമായ പ്രവർത്തനത്തിന്റെ മാർഗ്ഗദർശ്ശിയാണ്. തളരാതെയും നിരാശപ്പെടാതെയും മുന്നോട്ടുപോകാനുള്ള കരുത്ത് സഹപ്രവർത്തകരിൽ എത്തിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് പലപ്പോഴും അത്ഭുതപ്പെടുത്തിയിരുന്നു. സമൂഹത്തിലെ വ്യത്യസ്തമായ മേഖലകളിലുള്ള ആളുകളുമായി വളരെ അടുത്ത ബന്ധം പുലർത്തുമ്പോഴും ജമാഅത്തിന്റെതായ ആത്മചൈതന്യം കുഞ്ഞാമു സാഹിബ് കാത്തുസൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന് പരലോകത്ത് ഉന്നതമായ അനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെ.

*പി.പി. നാസിറുദ്ദീൻ*
*(സംസ്ഥാന നാസിം, മജ്ലിസ് അൻസാറുല്ല)*

അൽ ഹഖ്
AHMADIYYA NEWS BULLETTIN

ഡിസംബർ 2006 ദുൽഹജ്ജ്

## മതസേവനത്തിനായി ഉഴിഞ്ഞുവെച്ച ജീവിതം

**യു**വത്വകാലത്തുതന്നെ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുകയും തുടർന്നുള്ള ജീവിതം സത്യപ്രസ്ഥാനത്തിനുവേണ്ടി ഉഴിഞ്ഞുവെക്കുകയും ചെയ്ത ഒരു നേതാവിനെയാണ് 2007 ജനുവരി 8-ന് കേരളക്കരയ്ക്ക് നഷ്ടമായത്. കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ശക്തനായ ഒരു നേതൃത്വമാണ് കുഞ്ഞാമുസാഹിബിലൂടെ ലഭ്യമായിരുന്നത്. 1950 കളിൽ തലശ്ശേരിയിൽനിന്നും ജമാഅത്തിനെ കുറിച്ച് അറിയാനിടയായ പരേതൻ അതിന്റെ സത്യം മനസ്സിലാക്കാൻ തുനിഞ്ഞിറങ്ങുകയായിരുന്നു. 12 വയസ്സ് പ്രായമുള്ളപ്പോൾ ഒരു നോട്ടീസ് വായിക്കാനിടയായതാണ് അദ്ദേഹത്തിന്റെ മനസ്സിൽ അഹ്മദിയ്യാ പ്രസ്ഥാനം കടന്നുകയറാൻ ഇടയാക്കിയത്. ജോലിതേടി കോഴിക്കോടെത്തിയതോടെ ജമാഅത്തംഗമായി മാറാനായി. ഇസ്‌ലാംമത തത്വജ്ഞാനം വായിച്ചതോടെ അഹ്മദിയാകാൻ തീരുമാനിച്ച അദ്ദേഹം ജ്യേഷ്ഠസഹോദരൻ അബൂട്ടി സാഹിബുമൊത്ത് ദാറുസ്സലാമിലെത്തിയാണ് ബയ്അത്ത് ചെയ്തത്.

ജമാഅത്തംഗമായതു മുതൽ അദ്ദേഹം തന്റെ പ്രവർത്തനം മതരംഗത്തേക്കു മാറ്റി. ഊർജ്ജസ്വലത കൈമുതലായുണ്ടായിരുന്ന കുഞ്ഞാമുസാഹിബ് രണ്ടുവർഷങ്ങൾക്കകം അഹ്മദി യുവാക്കളുടെ നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഖാഇദ് എന്ന സ്ഥാനലബ്ധി അദ്ദേഹത്തിന്റെ നേതൃത്വപാടവം മുഴുവനായി പുറത്തുകൊണ്ടുവന്നു. യുവത്വകാലത്തുതന്നെ അദ്ദേഹം കോഴിക്കോട് ജമാഅത്തിന്റെ അമരക്കാരനായി. തുടർന്ന് സംസ്ഥാന അമീറുമായി.

കുഞ്ഞാമുസാഹിബിന്റെ വേർപാട് കേരളക്കരയിലെ അഹ്മദികളെ തീർച്ചയായും ദുഃഖത്തിലാഴ്ത്തിയിട്ടുണ്ട്. കാരണം ഒരു വ്യാഴവട്ടക്കാലം കേരളത്തിലെ അഹ്മദികളുടെ നേതാവായിരുന്നു അദ്ദേഹം. ഓരോ അഹ്മദിയേയും വ്യക്തിപരമായി മനസ്സിലാക്കാൻ കുഞ്ഞാമുസാഹിബ് ശ്രമിച്ചിരുന്നു. അതിലദ്ദേഹം വിജയിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ഏതുഭാഗത്തുള്ള അഹ്മദിയുടെ പേരു പറഞ്ഞാലും അദ്ദേഹത്തിന് ആളെ മനസ്സിലാകുമായിരുന്നു. ചുരുക്കത്തിൽ ജനകീയനായ ഒരു നേതാവായിരുന്നു പരേതൻ.

ധൈര്യസമേതം ഏതു പ്രദേശത്തും തബ്‌ലീഗിന് പോകാൻ അദ്ദേഹത്തിന് യാതൊരു മടിയുമുണ്ടായിരുന്നില്ല. അതിനുള്ള വ്യക്തിത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. സത്യജമാഅത്തിന് എല്ലാ കാലത്തും ഓരോ പ്രത്യേക കഴിവുള്ള വ്യക്തികളെ അല്ലാഹു സമ്മാനിക്കുന്നു. കുഞ്ഞാമുസാഹിബും അത്തരത്തിലുള്ള ഒരു വരദാനം തന്നെയെന്നതിൽ സംശയമില്ല.

കോഴിക്കോട് ജില്ലയിൽ ദാറുസ്സലാം എന്ന കൊച്ചുപള്ളിയിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന അഹ്മദികളെ ജില്ലയുടെ സമൂഹത്തിൽ ഔന്നത്യത്തിൽ എത്തിക്കുന്നതിൽ കുഞ്ഞാമുസാഹിബ് വഹിച്ച പങ്ക് ചെറുതല്ല. ഇന്ന് കോഴിക്കോടെത്തുന്ന ആർക്കും അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടേണ്ടി വരില്ല. 'ബൈത്തുൽ ഖുദ്ദൂസ്' എന്ന തലയെടുപ്പുള്ള ദൈവികഗേഹം കാണുന്നവരുടെ മനസ്സിൽ കുഞ്ഞാമുസാഹിബിന്റെ സ്മരണകളെത്തും. അദ്ദേഹം തന്റെ നാഥന്റെ വിളി കേട്ട് പോയ്ക്കഴിഞ്ഞു. അദ്ദേഹത്തിന്റെ വിയോഗത്തിന്റെ വിടവ് അല്ലാഹു നീക്കിത്തരട്ടെയെന്ന് നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം. ഒപ്പം കുഞ്ഞാമുസാഹിബിന്റെ മഗ്ഫിറത്തിനു വേണ്ടിയും.

# ആർദ്രത നഷ്ടപ്പെടുന്ന ആരോഗ്യമേഖല

എച്ച്. അഹ്മദ് ശാഫി

**കേ**രളത്തിലെ ഒരു പ്രമുഖ ധനകാര്യസ്ഥാപനം നൽകിയ പരസ്യത്തിന്റെ അർത്ഥം ഏതാണ്ടിങ്ങനെയാണ്. ''ആശുപത്രിയിലെ ചികിത്സാ ചിലവുകൾക്ക് സ്വർണ്ണവായ്പയിന്മേൽ കൂടുതൽ പണവും കുറഞ്ഞ പലിശയും'' ചികിത്സാ ചിലവുകൾക്ക് പണം കണ്ടെത്താൻ പ്രയാസപ്പെടുന്ന, പണം പലിശക്കെടുക്കാൻ നിർബന്ധിതരാവുന്ന ഒരു വൻവിഭാഗത്തെ വിപണിയായി കണ്ടുകൊണ്ടുള്ളതു തന്നെയായിരുന്നു പ്രസ്തുത പരസ്യം. ഏറെ പവിത്രത കല്പിച്ചിരുന്ന ആതുരസേവന മേഖലയായ വൈദ്യശാസ്ത്രരംഗം ഇന്ന് അമിത വാണിജ്യവൽക്കരണത്തിന്റെ പിടിയിലമർന്നുകഴിഞ്ഞു. ആരോഗ്യ ശുചിത്വപരിപാലന കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനമാണ് കേരളത്തിന്. ലോകാരോഗ്യസംഘടനയുടെ വിലയിരുത്തലുകളിലും കേരള മാതൃക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്ന കാര്യത്തിലും പകർച്ചവ്യാധികൾ തടയുന്ന കാര്യത്തിലും സർക്കാർ സംവിധാനങ്ങൾ വിജയം കൈവരിച്ചിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്. പരിസര, വ്യക്തി ശുചിത്വകാര്യത്തിൽ അവബോധം സൃഷ്ടിക്കുന്ന കാര്യങ്ങളിലും അവ കാത്തുസൂക്ഷിക്കുന്നതിലും നമ്മുടെ കേരളം തന്നെയാണ് മുന്നിൽ.

ആതുരസേവനരംഗത്ത് സ്വകാര്യമേഖലയുടെ ആഭൂതപൂർവ്വമായ വളർച്ചയ്ക്ക് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. മികച്ച ചികിത്സതേടി വിദേശത്തോ, ഇന്ത്യയിലെ മറ്റു മെട്രോ നഗരങ്ങളിലോ പോകേണ്ട അവസ്ഥ ഇന്ന് മലയാളിക്കുില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നുകൂടി ചികിത്സതേടി ആളുകൾ കേരളത്തിലേക്കൊഴുകുന്നു. അത്യന്താധുനിക സംവിധാനത്തോടുകൂടിയ ഒരു ആശുപത്രിയെങ്കിലും ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും കാണാം. പൊതുവെ ആശ്വാസകരമായ അവസ്ഥ. എന്നാൽ, അതിലേറെ ആശങ്കകളും നെടുവീർപ്പുകളും ഉയർന്നു വരുന്നു എന്ന വസ്തുത പലരും ഗൗനിക്കാതെ പോകുന്നു. സുലഭമായിക്കൊണ്ടിരിക്കുന്ന മികച്ച ചികിത്സാ സംവിധാനങ്ങളുടെ ഗുണഭോക്താക്കളാകാൻ സാധാരണക്കാരായ കേരളീയന് സാധ്യമാണോ? സാധാരണക്കാരന്റെ അത്താണിയായ സർക്കാർ ആശുപത്രികൾ വൈദ്യസാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് നവീകരിക്കപ്പെടുന്നുണ്ടോ? സ്വകാര്യാശുപത്രികളിലെ വർദ്ധിച്ച ചികിത്സാചിലവ് താങ്ങാൻ കേരളത്തിലെ എത്ര ശതമാനം പേർക്കാകും?

അപ്രതീക്ഷിതമായി നാം ആഗ്രഹിക്കാതെ കടന്നുവരുന്ന ഒന്നാണ് രോഗം. ജനങ്ങളുടെ സാമ്പത്തിക നിലവാരം രോഗങ്ങൾക്ക് ഒരു മാനദണ്ഡമല്ല. ശാരീരകവും മാനസികവുമായി മനുഷ്യനെ ദുർബലപ്പെടുത്തുന്ന ഈ അവസ്ഥയിൽ നിന്നുള്ള മുക്തിയാണ് ഓരോരുത്തരും ആഗ്രഹിക്കുന്നത്. അതിൽ പണം പലപ്പോഴും ഒരു തടസ്സമാകുന്നു. കൂടുതൽ സമ്പത്ത് കൈവരുമ്പോൾ വീടുവെക്കാം, സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ ഭക്ഷണത്തിലും വസ്ത്രങ്ങളിലും മിതത്വം പാലിക്കാം, എന്നാൽ സാമ്പത്തികഭദ്രത കൈവരുന്നതും കാത്ത് ചികിത്സ നീട്ടിവെക്കാനാകുമോ? ഇല്ലാത്ത പണം സ്വരൂപിച്ച് ആശുപത്രികളിലേക്കൊഴുകുകയാണ് സാധാരണ പൗരന്മാർ. മികച്ച ചികിത്സയും നല്ല പരിചരണവും ലഭിക്കണമെങ്കിൽ സ്വകാര്യ ആശുപത്രികളിൽതന്നെ പോകണമെന്നാണ് മിക്കവരുടേയും അഭിപ്രായവും അനുഭവവും. പണത്തിനേക്കാൾ പ്രധാനം ജീവൻ നിലനിർത്തുകയാണല്ലോ. സ്വകാര്യ ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും സാധാരണ കച്ചവടസ്ഥാപനങ്ങളിൽനിന്ന് വേറിട്ടു നിൽക്കുന്ന ഒന്നല്ല. അവർക്ക് രോഗികൾ എന്നത് വെറും 'കസ്റ്റമേഴ്സ്' ആണ്. മികച്ച സേവനം നൽകി ഉപഭോക്താക്കളെ സംതൃപ്തരാക്കുക വഴി കച്ചവടം മെച്ചപ്പെടുത്താം. "നന്ദി വീണ്ടും വരിക'' എന്നു പറയാൻ നിർവ്വാഹവുമില്ലല്ലോ!

സ്വകാര്യ ആശുപത്രികൾ ധർമ്മസ്ഥാപനങ്ങളല്ല എന്നത് ശരിതന്നെ. കൂടുതൽ വരുമാനവും വളർച്ചയും തന്നെയാണ് അവർ ലക്ഷ്യം വെക്കേണ്ടത്. എന്നാൽ മറ്റ് ഉത്പന്ന, സേവന മേഖലകളിൽനിന്ന് വ്യത്യസ്തമായി വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾക്ക് ചില സാമൂഹ്യ പ്രതിബദ്ധതകൾ ഉണ്ട്. ഈ രണ്ട് മേഖലകളും മനുഷ്യസമൂഹത്തിന്റെ മാനസികവും ശാരീരികവുമായ പുരോഗതിയുടെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. അതുകൊണ്ടു തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും അത്തരത്തിലുള്ള സാമൂഹ്യധർമ്മം നിറവേറ്റാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. എന്നാൽ, സ്വകാര്യമേഖലയിലെ കിടമത്സരവും വൻമുതൽമുടക്കും ഇത്തരം സാമൂഹ്യപ്രതിബദ്ധതകളേയും ധാർമ്മികതയേയും വിസ്മരിക്കാൻ അവരെ പ്രേരിപ്പിച്ചിരുന്നു. ഇന്ന് വളരെ നിസ്സാരമെന്നു

(5-ാം പേജിൽ)

(3-ാം പേജിൽനിന്ന്)

ങ്കിലും പറഞ്ഞാൽ അത് അസ്ഥാനത്താകുകയില്ല.

തിയറ്ററിന്റെ ഡയരക്ടർ-സ്ത്രീയാണെന്നു തോന്നുന്നു- ഒരിക്കൽ ഈ നബിമാരുടെ ഭാഗം സെൻസർ ചെയ്യാൻ തീരുമാനിച്ചിരുന്നു. പക്ഷേ, ഇതിനെ കൂടുതൽ പൊക്കിപ്പിടിച്ചുകൊണ്ട് നടക്കുന്ന മന്ത്രിമാരും വലിയവരും അത് സെൻസർ ചെയ്യേണ്ട, കാണിക്കുകതന്നെ വേണമെന്നും അവർ നിങ്ങളോടൊപ്പം ഉണ്ടെന്നും പറഞ്ഞതായിട്ട് എനിക്കറിയാൻ കഴിഞ്ഞു. അവർ തിന്മകളിൽ മുങ്ങിത്താണു കിടക്കുന്നവരും മാലിന്യങ്ങളിൽ അകപ്പെട്ടുകിടക്കുന്നവരും പരിധി ലംഘിച്ചവരുമാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത്തരം തിന്മകൾ പ്രചരിപ്പിക്കണമെന്ന് പറയേണ്ടത് അവരുടെ ആവശ്യവുമായിരുന്നു. എങ്കിലല്ലേ ഇവരുടെമേൽ മറ ഉണ്ടാകുകയുള്ളൂ. അവർ മതത്തിന്നെന്തായാലും എതിരാണ്.

മറ്റൊരു കാര്യവും ഇതിൽ ആശ്ചര്യാവഹമായിട്ടുണ്ട്. ഇതിൽ എവിടെയും ഹദ്റത്ത് മൂസായെക്കുറിച്ച് പറയുന്നില്ല. അദ്ദേഹത്തേയും ഇതിൽ ഉൾപ്പെടുത്തണമായിരുന്നുവെന്ന് ഞങ്ങൾ ഒരിക്കലും പറയുകയില്ല. ഞങ്ങളുടെ ദൃഷ്ടിയിൽ സകല നബിമാരും ആദരണീയരാണ്. അല്ലാഹുവിൽനിന്നുള്ളവരാണ്. പക്ഷേ, ഇവരുടെ ഉദ്ദേശ്യമെന്താണെന്ന് അറിയാൻ കഴിയുന്നുണ്ട്. പത്രപ്രവർത്തകർ ഉൾപ്പെട്ട ചിലരുടെ വിചാരം യഹൂദികൾക്ക് ഇതുമുഖേന വിഷമം ഉണ്ടാകും എന്നാണ്. പക്ഷേ, കാര്യം ഇതുമാത്രമല്ല. ഞാൻ കരുതുന്നത് ഇതനേക്കാൾ അപ്പുറത്തേക്ക് കാര്യം നീങ്ങുന്നു എന്നാണ്. ഇസ്‌ലാമിനെതിരിൽ ആഴത്തിലുള്ള ഒരു ഗൂഢാലോചനയാണിത്. അല്ലാഹു ഇസ്‌ലാം-അഹ്മദിയ്യത്തിനെ ശത്രുക്കളുടെ എല്ലാ ദ്രോഹങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ഇന്ന് ശത്രുക്കളുടെ ഈ പ്രവർത്തനങ്ങൾക്ക് മറുപടി നല്കേണ്ടത്, ലോകത്തെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അതുകൊണ്ട് ഇവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കുക. ഓരോ അഹ്മദിയും അവരുടെ പരിചയക്കാരായ ഓരോരുത്തരോടും പറയുക. നാമമാത്രമായ മുസ്‌ലിംകളേയും ഓരോ അഹ്മദിയും രക്ഷിക്കുക. സന്മാർഗ്ഗം തിരഞ്ഞെടുത്തതിനുശേഷം ഈ നിരർത്ഥകമായ പ്രവർത്തനങ്ങളിൽ തോളോടുതോൾ ചേർന്നു നിന്ന് സ്വയം എന്തിനാണ് അഗ്നികുണ്ഠത്തിൽ തങ്ങളെ ഇടുന്നതെന്ന് അവരോട് ചോദിക്കുക. ജനങ്ങളോടുള്ള സഹതാപം കൊണ്ടാണ് നബിമാർ ലോകത്ത് വരുന്നതെന്ന് ക്രിസ്ത്യാനികളോടും നിർമ്മതക്കാരോടും മറ്റു മതാനുയായികളോടും പറയുക. ജനങ്ങളെ അക്രമങ്ങളിൽനിന്ന് അകറ്റാൻ വേണ്ടിയാണ് അല്ലാഹു അവരെ അയക്കുന്നത്. അല്ലാതെ അക്രമം ചെയ്യാനല്ല എന്ന്.

സന്ദർഭത്തിനനുസരിച്ച് ലിറ്ററേച്ചറുകൾ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ ചോദ്യങ്ങളൊന്നും ഇന്നുണ്ടായതല്ല. ഇത് എന്നെന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങളാണ്. അതിന്റെ മറുപടികൾ തയ്യാറായികിടക്കുന്നുണ്ട്. എത്തിക്കുക എന്നതുമാത്രമാണ് ബാക്കിയുള്ളത്. ഓരോ അഹ്മദിയുടേയും കൈയിൽ ലിറ്ററേച്ചറുകളുണ്ടാവണം. ഓരോ അഹ്മദി പുരുഷനും സ്ത്രീയും വൃദ്ധനും യുവാവുമെല്ലാം സന്ദർഭാനുസരണം പൊതുവായിട്ടുള്ള തബ്‌ലീഗി ലിറ്ററേച്ചറുകൾ ഓരോ ജർമൻ കാരനും എത്തിച്ചുകൊടുക്കേണ്ടതാണ്. എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ, ഇന്റർനെറ്റ്, ഈമെയിൽ തുടങ്ങിയവയും ഇതിനായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിനെക്കുറിച്ചും, അത് എങ്ങനെ ഉപയോഗിക്കാൻ കഴിയും, എങ്ങനെ കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയുമെന്നും ചിന്തിക്കേണ്ടതാണ്. ഇത് തെറ്റായിട്ട് ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ ശരിയായിട്ട് എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? സന്ദർഭത്തിനൊത്ത് ഓരോ പാർലമെന്റംഗങ്ങൾക്കും മന്ത്രിമാർക്കും ഉന്നതോദ്യോഗസ്ഥന്മാർക്കും പത്രക്കാർക്കും നേതാക്കന്മാർക്കും എന്നല്ല വിദ്യാസമ്പന്നരായ ഓരോരുത്തർക്കും അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തും വിധമുള്ള ലിറ്ററേച്ചറുകൾ എത്തിക്കേണ്ടതാണ്.

അല്ലാഹു ഭാഗ്യവാന്മാരായ എല്ലാ ആത്മാക്കളേയും ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണ്. ഈ എതിർപ്പും, മതത്തെ പരിഹസിക്കലും അവഹേളിക്കലും ഉണ്ടാകുന്നത്, നമ്മുടെ ജോലിയെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുന്നതിന്നായിട്ടാണ്. അവസാനവിധി അല്ലാഹു പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ, നിങ്ങളിലുള്ള അലസത അകറ്റിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചടുപ്പിക്കാൻ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലകാര്യം പറയുന്നവരായിത്തീർന്നുകൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥ മോക്ഷത്തിന്റെ സന്ദേശം, നിങ്ങളുടെ നാട്ടിലെ ചെറിയവരിലും വലിയവരിലും എത്തിക്കുക. ഇതാണ് ഇന്ന് ഏറ്റവും വലിയ മനുഷ്യസേവനം. മനുഷ്യകുലത്തിനുവേണ്ടിയുള്ള സേവനവും ഇതുതന്നെ. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

(ഖുത്ബ, 22.12.06)

# ദീനീപരീക്ഷാ അറിയിപ്പ്

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഈ വർഷവും ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശമനുസരിച്ച് ഇൻശാഅല്ലാഹ് മൂന്നു പ്രാവശ്യമായി ദീനീ സിലബസ്സിന്റെ പരീക്ഷ നടത്തപ്പെടുന്നതാണ്. ഒന്നാമത്തെ പരീക്ഷ **ഫെബ്രുവരി 25**-നും രണ്ടാമത്തെ പരീക്ഷ **മെയ് 20**-നും മൂന്നാമത്തെ പരീക്ഷ **ആഗസ്റ്റ് 26**-നും ഞായറാഴ്ചകളിൽ നടക്കുന്നതായിരിക്കും.

പ്രവർത്തന രൂപരേഖയനുസരിച്ച് ഖുദ്ദാമിനെ രണ്ട് ഗ്രൂപ്പുകളാക്കി വിഭജിച്ചിരിക്കുന്നു. ഒന്നാംഗ്രൂപ്പ്- 15 മുതൽ 25 വയസ്സുവരെ, രണ്ടാംഗ്രൂപ്പ്- 26 മുതൽ 40 വയസ്സ് വരെ.

ഓരോ ഗ്രൂപ്പിന്റേയും മൂന്ന് പരീക്ഷകൾക്കായി വെവ്വേറെ സിലബസ്സ് താഴെചേർക്കുന്നു. മൂന്ന് പരീക്ഷകളുടേയും ചോദ്യപേപ്പർ ഈ ഓഫീസിൽനിന്നും തക്കസമയത്ത് അയക്കപ്പെടുന്നതാണ്. ഒന്നാമത്തേയും രണ്ടാമത്തേയും പരീക്ഷകളുടെ ഉത്തരപേപ്പറുകൾ ഇലാഖാ ഖാഇദ്മാർക്ക് അയക്കണമെന്ന് ഖാഇദുമാരെ അറിയിക്കുന്നു.

ഫൈനൽപരീക്ഷയുടെ ഉത്തരപേപ്പറുകൾ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന് അയക്കേണ്ടതാണ്. സ്പഷ്ടമായ ഉന്നതനിലവാരം കരസ്ഥമാക്കുന്നവർക്ക് വാർഷിക ഇജ്തിമായുടെ സന്ദർഭത്തിൽ സമ്മാനങ്ങൾ നൽകപ്പെടുന്നതാണ്. വർഷാരംഭത്തിൽതന്നെ ഖുദ്ദാമിനെ ഈ പരീക്ഷകൾക്കായി സന്നദ്ധരാക്കണമെന്നും ഓരോ ഖാദിമും പരീക്ഷയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും ഖാഇദുമാരെ അറിയിക്കുന്നു. എല്ലാ ഉദ്യോഗസ്ഥന്മാരും ഈ പരീക്ഷയിൽ പങ്കെടുക്കേണ്ടത് അനിവാര്യമാണ്.

*ഗ്രൂപ്പ്-1 (15-25 വയസ്സ്)*

***വിശുദ്ധഖുർആൻ തർജ്ജമ ഒന്നാം ഭാഗം മുഴുവനും***

ഒന്നാമത്തെ പരീക്ഷ- 1 മുതൽ 8 വരെ റുകൂഅ്, രണ്ടാമത്തെ പരീക്ഷ- 9 മുതൽ 16 വരെ റുകൂഅ്, ഫൈനൽ പരീക്ഷ - 1 മുതൽ 16 വരെ റുകൂഅ്

***ഖുർആൻ മനഃപാഠം സൂറത്തുന്നസ്ർ മുതൽ വന്നാസ് വരെ***

ഒന്നാമത്തെ പരീക്ഷ- സൂറത്തുന്നസ്ർ സൂറത്തുല്ലഹ്ബ്, രണ്ടാമത്തെ പരീക്ഷ- സൂറത്തുൽ ഇഖ്‌ലാസു മുതൽ വന്നാസ് വരെ, ഫൈനൽ പരീക്ഷ - സൂറത്തുന്നസ്ർ മുതൽ വന്നാസ് വരെ

***പുസ്തകം കാമിയാ ബീ കീ റാഹേ*** ഒന്നാം ഭാഗം മുഴുവനും

ഒന്നാമത്തെ പരീക്ഷ - പേജ് 3 മുതൽ 23 വരെ, രണ്ടാമത്തെ പരീക്ഷ- പേജ് 26 മുതൽ 66വരെ, ഫൈനൽ പരീക്ഷ- ഒന്നാം ഭാഗം മുഴുവനും

പുസ്തകം ***നമ്മുടെ അദ്ധ്യാപനങ്ങൾ*** (വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾ)

*ഗ്രൂപ്പ്- 2 (26-40 വയസ്സ്)*

***വിശുദ്ധഖുർആൻ സൂറഃ ബഖ്റ 17 മുതൽ 32 വരെ റുകൂഅ്***

ഒന്നാമത്തെ പരീക്ഷ- 17 മുതൽ 21 വരെ റുകൂഅ്, രണ്ടാമത്തെ പരീക്ഷ- 22 മുതൽ 26 വരെ റുകൂഅ്, ഫൈനൽ പരീക്ഷ - 17 മുതൽ 26 വരെ റുകൂഅ്

***ഖുർആൻ മനഃപാഠം സൂറത്തുൽ കൗസർ മുതൽ വന്നാസ് വരെ***

ഒന്നാമത്തെ പരീക്ഷ- സൂറത്തുൽ കൗസർ മുതൽ അൽകാഫിറൂൻവരെ, രണ്ടാമത്തെ പരീക്ഷ- സൂറത്തുന്നസ്ർ മുതൽ സൂറത്തുല്ലഹബ് വരെ, ഫൈനൽ പരീക്ഷ - സൂറത്തുൽ കൗസർ മുതൽ വന്നാസ് വരെ

***പുസ്തകം കാമിയാ ബീ കീ റാഹേ രണ്ടാം ഭാഗം മുഴുവനും***


ഒന്നാമത്തെ പരീക്ഷ - പേജ് 1 മുതൽ 36 വരെ, രണ്ടാമത്തെ പരീക്ഷ- പേജ് 41 മുതൽ 84വരെ, ഫൈനൽ പരീക്ഷ- രണ്ടാം ഭാഗം മുഴുവനും

പുസ്തകം ***നമ്മുടെ അദ്ധ്യാപനങ്ങൾ*** (വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾ)

രണ്ട് ഗ്രൂപ്പുകൾക്ക് മൂന്ന് പരീക്ഷകൾക്കുമായി ജൂബിലി ശതാബ്ദിയോടനുബന്ധിച്ച് ഹുസൂർ നിർദ്ദേശിച്ച ദുആകൾ ഉണ്ടായിരിക്കുന്നതാണ്.

# ഡോ. അബ്ദുസ്സലാം ഓർമ്മിക്കപ്പെടുമ്പോൾ

**(പ്രശസ്ത പാക്കിസ്ഥാനി വിദേശകാര്യ വിദഗ്ദ്ധനും പത്രപ്രവർത്തകനുമായ ഖാലിദ് ഹസ്സൻ ഡോ. സലാമിനെ അനുസ്മരിച്ചെഴുതിയ ലേഖനം)**



**ഡോ.** അബ്ദുൾ സലാം അദ്ദേഹത്തിന്റെ 10ാം ചരമ വാർഷികത്തിൽ ലോകമെമ്പാടും അനുസ്മരിക്കപ്പെട്ടു; അദ്ദേഹത്തിന്റെ ജന്മനാടായ പാക്കിസ്ഥാനിലൊഴികെ. ഡോ. സലാമിന്റെ വ്യക്തിത്വം എത്ര മഹത്തരമായിരുന്നുവെന്നതിന് ദൃക്സാക്ഷിത്വം വഹിച്ച വ്യക്തിയെന്ന നിലയിൽ എന്നെ ഏറെ അമ്പരിപ്പിക്കുന്ന കാര്യമാണിത്.

1980-കളിൽ വിയന്നയിൽ സ്ഥിരമായി എത്താറുണ്ടായിരുന്ന ഡോ. സലാം വിവിധ യു.എൻ സമിതികളുമായി കൂടിയാലോചന നടത്തുകയായിരുന്നു ഈ യാത്രകളുടെ ഉദ്ദേശ്യം. ഇതേസമയം അദ്ദേഹത്തിന്റെ ഇളയ സഹോദരൻ മജീദ് യു.എൻ വ്യവസായ വികസന സംഘടനയിൽ ഒരു ടെക്നിഷ്യനായി ജോലി ചെയ്യുന്നുണ്ടായിരുന്നു. വിയന്നയിലെ യു.എൻ. മന്ദിരം ഡാന്യൂബ് നദിക്കരയിൽ താഴികക്കുടത്തോടുകൂടിയ ഗോളാകൃതിയിലുള്ള വലിയൊരു കെട്ടിടമായിരുന്നു. ഒരിക്കൽ മന്ദിരത്തിനരികേകൂടി ഒരു സുഹൃത്തുമൊത്ത് ഭൂഗർഭ ട്രെയിൻ പിടിക്കാനായി തിരക്കിട്ട് നീങ്ങുകയായിരുന്നു ഞാൻ. അപ്പോൾ യു.എൻ മന്ദിരത്തിനരികിലായി ഡോ. സലാം നില്ക്കുന്നത് കണ്ടു. ഞാൻ ഡോ. സലാമിനോട് സംസാരിക്കുകയും എന്റെ സുഹൃത്തിനെ പരിചയപ്പെടുത്തുകയും ചെയ്തു. വളരെ വിനയപൂർവ്വം സുഹൃത്തിന്റെ കരം ഗ്രഹിച്ച് സലാം ഏറെ സംസാരിക്കുകയും ചെയ്തു. ഡോ. സലാം നടന്നകന്നപ്പോൾ സുഹൃത്ത് വിശ്വാസം വരാതെ ഇങ്ങനെ പറഞ്ഞു. 'ദൈവമേ 20-ാം നൂറ്റാണ്ടിലെ ഏറ്റവും മഹാന്മാരായ ഭൗതികശാസ്ത്രജ്ഞരിലൊരാളായിട്ടും എത്ര ലളിതമാണ് അദ്ദേഹത്തിന്റെ ശൈലി.'

മുൾത്താനിൽ 1972-ൽ നവാബ് സാദിഖ് ഹുസൈൻ ഖുറയ്ശിയുടെ വീട്ടിൽവെച്ച് നടന്ന യോഗത്തിന് ശേഷം പാക്കിസ്ഥാനിൽവെച്ച് ഡോ. സലാമിനെ ഞാൻ കണ്ടുമുട്ടിയി

*(ശേഷം 8-ാം പേജിൽ)*

# ശ്രീലങ്കയിൽ അഹ്മദികൾ പീഡിപ്പിക്കപ്പെടുന്നു

**കൊളംബോ:** ബംഗ്ലാദേശിന് പിറകേ ശ്രീലങ്കയിലും അഹ്മദി വിരോധം വ്യാപിക്കുന്നു. ശ്രീലങ്കയിൽ മുസ്‌ലിംകൾ കൂടുതലുള്ള പടിഞ്ഞാറൻ പ്രവിശ്യയിലാണ് അഹ്മദിയ്യാ വിരുദ്ധ വികാരം ആളിപ്പിടിക്കുന്നത്. ഈ പ്രവിശ്യയിലെ ഗവർണർ മൗലാനാ അലവി കടുത്ത അഹ്മദിയ്യാ വിരോധമാണ് പ്രകടിപ്പിക്കുന്നത്. ഗവ: നിയന്ത്രണത്തിലുള്ള മാധ്യമങ്ങളോട് അഹ്മദികളെ സംബന്ധിക്കുന്ന വാർത്തകൾ പ്രസിദ്ധപ്പെടുത്തരുതെന്ന് നിർദ്ദേശം നല്കിയിരിക്കുകയാണ് ഇദ്ദേഹം. ഇതേതുടർന്ന് അഹ്മദികൾക്ക് റേഡിയോ-ടെലിവിഷൻ മാധ്യമങ്ങൾ നിഷേധിക്കപ്പെട്ടിരിക്കയാണ്. ഇതിനെതിരെ ശ്രീലങ്കൻ പ്രസിഡന്റ് മഹീന്ദ്ര രാജപക്സെയ്ക്കും മാധ്യമകാര്യ മന്ത്രി അനുർപ്രിയദർശനയ്ക്കും പരാതി നല്കിയിരിക്കയാണ് അഹ്മദികൾ.

പ്രവിശ്യാഗവർണ്ണർ മൗലാനാ അഹ്മദിവിരുദ്ധ പ്രസ്ഥാനങ്ങളെ നേരിട്ട് നയിക്കുകയാണ് ചെയ്യുന്നത്. അഹ്മദികൾ അമുസ്‌ലിംകളാണെന്നും വിശുദ്ധഖുർആനെ അപമാനിക്കുന്നവരാണെന്നും അതിനാൽ ഇക്കൂട്ടരെ വെറുതെ വിടരുതെന്നുമാണ് മൗലാനയുടെ അഭിപ്രായം. നെഗംബോ മുനിസിപ്പൽ കൗൺസിൽ അതിർത്തിയിലുള്ള അഹ്മദിയ്യാ പള്ളിയുടെ പുനർ നിർമ്മാണം മൗലാനയുടെ ആജ്ഞാനുസരണം മുനിസിപ്പൽ കൗൺസിൽ തടഞ്ഞിരിക്കയാണ്. ഇവിടെ അംഗങ്ങളുടെ എണ്ണം പെരുകിയതിനാൽ ആളുകൾ നമസ്കാരം ബുദ്ധിമുട്ടിയാണ് നിർവ്വഹിക്കുന്നത്.

ഇതിനു പുറമേ ഭൂരിപക്ഷ മുസ്‌ലിംകളിൽനിന്ന് പലവിധ ഭീഷണികളും അഹ്മദികൾ നേരിടുകയാണ്. ഒക്ടോബർ 14-ാം തിയ്യതി അക്രമിസംഘം ഒരഹ്മദിയെ വധിച്ചിരുന്നു. എന്നാൽ അക്രമകാരികളെ തടയാനോ പിടികൂടാനോ നെഗംബോ പോലീസിന് സാധിച്ചിട്ടില്ല. പ്രതികളെന്ന് സംശയിക്കപ്പെടുന്ന ആളുകളുടെ പേരുകൾ അഹ്മദികൾ പോലീസിന് നൽകിയെങ്കിലും അന്വേഷണം നടന്നില്ല. എന്നാൽ സംശയത്തിന്റെ പേരിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ തങ്ങൾക്കാവില്ലായെന്നാണ് പോലീസ് ഭാഷ്യം.

*(4-ാം പേജിൽനിന്ന്)*

നാം പറയുന്ന അപ്പന്റിസൈറ്റിസ്, ഹെർണിയ, പെരിക്കോസിൽ സർജറികൾക്കു പോലും ചുരുങ്ങിയത് 12,000 രൂപയെങ്കിലുമാകും. ആശുപത്രി ബില്ലിലെ വിശദാംശങ്ങളിലേക്ക് കണ്ണോടിച്ചാൽ ആശ്ചര്യചകിതരാകും നാം. രോഗിക്കാവശ്യമായ മരുന്നുകളും ഇൻജക്ഷനുകളും ഗ്ലൂക്കോസും മറ്റും അപ്പോൾതന്നെ ആശുപത്രിയുടെ ഫാർമസിയിൽനിന്ന് വാങ്ങുന്നതിനാൽ അവ അവസാനബില്ലിൽ സ്ഥാനം പിടിക്കുന്നില്ല എന്നും ഓർക്കണം. രോഗി താമസിക്കുന്ന മുറിക്ക് വെറും തുച്ഛമായ വാടകമാത്രം! പ്രതിദിനം 40-50 രൂപ. എന്നാൽ, ചുവടെ വരുന്നു, ഫർണിച്ചർ, ലിനൻ, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയവ. എല്ലാം ചേർന്നാൽ പ്രതിദിനം രൂപ 450-500 കവിയും. നികുതി ആനുകൂല്യങ്ങൾക്കായാണ് ഇങ്ങനെയൊരു തരംതിരിക്കൽ. സ്വകാര്യമേഖലയിലെ എല്ലാ സ്ഥാപനങ്ങളുടെയും സമീപനം ഈ രീതിയിലാണ് എന്നല്ല പറയുന്നത്. എന്നാൽ, ശരിയായ ദിശയിലല്ലാത്ത ഇത്തരത്തിലുള്ള പ്രവണത വർദ്ധിച്ചുവരുന്നു എന്ന് നാം തിരിച്ചറിയേണ്ടേ? ഒരു രോഗി ആശുപത്രിയിൽ എത്തുന്നത്, ഡോക്ടറെ സമീപിക്കുന്നത് നിർബന്ധാവസ്ഥയിലാണ്. അങ്ങേയറ്റം ആശങ്കയോടെയാണ്. അതൊരിക്കലും മുതലെടുക്കപ്പെട്ടുകൂടാ.

മരുന്ന്, രോഗനിർണ്ണയ ഉപകരണ നിർമ്മാതാക്കൾക്ക് ലോകത്തിലെ തന്നെ പ്രധാന വിപണിയാണ് ഇന്ത്യ. അസംഖ്യം ഉൽപന്നങ്ങളുമായി വിപണിയിൽ കടന്നവരുന്ന ഇവരുടെ വില്പനതന്ത്രങ്ങളും സമ്മർദ്ദസമീപനവും ചികിത്സാരംഗത്തെ ധാർമ്മികമൂല്യങ്ങളേയും മര്യാദകളേയും തിരുത്തിയെഴുതിക്കഴിഞ്ഞു. മരുന്ന് വില്പന വർദ്ധിപ്പിക്കാൻ ലളിതമായി പറഞ്ഞാൽ രണ്ട് മാർഗ്ഗങ്ങളേയുള്ളൂ. ഒന്ന്, കൂടുതൽ പേരെരോഗികളാക്കുക, രണ്ട് ഓരോ രോഗിക്കും കൂടുതൽ മരുന്നുകൾ നൽകുക. ഡോക്ടർമാരുടേയോ ആശുപത്രികളുടേയോ സഹായമില്ലാതെ ഇത് സാധ്യമാകുന്നതെങ്ങനെ? ഓരോ രോഗത്തിനും ഏത് നിർമ്മാതാക്കളുടെ മരുന്ന് നൽകണമെന്ന് അവരുടെ സ്വാധീനശക്തി അനുസരിച്ച് ഡോക്ടർമാർക്ക് തീരുമാനിക്കാം. എക്സ്റേ, സ്കാനിംഗ്, രക്തപരിശോധന എന്നിവയില്ലാതെ രോഗനിർണ്ണയം അസാധ്യമാണെന്ന് വന്നിരിക്കുന്നു. പല രോഗങ്ങൾക്കും ഇവ അത്യാവശ്യമാണ്. എന്നാൽ, ഈ ഒരു സമീപനം രോഗിയുടെ സാമ്പത്തികനിലകൂടി കണക്കിലെടുത്താവണം. സാങ്കേതികവിദ്യയെ അമിതമായി ആശ്രയിക്കുന്നത് ചികിത്സകന്റെ സ്വാഭാവികമായ സിദ്ധി പരിപോഷിപ്പിക്കുന്നതിന് വിഘ്നമാവും എന്നതിന് രണ്ടഭിപ്രായമുണ്ടാവില്ല. വൈദ്യശാസ്ത്രത്തോളം സേവന സമർപ്പിതമാകാൻ പര്യാപ്തമായ മറ്റൊരു മേഖലയില്ല എന്ന വസ്തുത ചികിത്സകർ തിരിച്ചറിയണം. അവിടെ അമിതമായ സാമ്പത്തികനേട്ടത്തിനു വേണ്ടി രോഗികളെ കരുവാക്കി ഈ പവിത്രമായ തൊഴിലിന്റെ മാന്യത നഷ്ടപ്പെടുത്തരുത്. ഒരു ചെറിയ ശതമാനം പേരെങ്കിലും അങ്ങനെയുണ്ടെന്ന് പറയാതെവയ്യ.

രോഗവും ചികിത്സയും ചികിത്സാരീതികളും ഇന്ന്

*(7-ാം പേജിൽ)*

## മജ്‌ലിസ് ആമില 2006-07
## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ-നോർത്ത് കേരള

| | | |
|---|---|---|
| 1. ഖായിദ് | ഡോ. സലാഹുദ്ദീൻ. സി. | 9447424619 |
| 2. നായിബ് ഖായിദ് | ഉണ്ണീൻ, മുറിയക്കണ്ണി | 9447938363 |
| 3. മുത്തമിദ് | ബി.എം. ശൗക്കത്ത്, മാത്തോട്ടം | 9446650013 |
| 4. നാസിം തജ്നീദ് | സുൽത്താൻ.ടി.കെ, കരുളായി | 9447385246,04931271615 |
| 5. നാസിം ഇശാഅത്ത് | ശറഫുദ്ദീൻ, കണ്ണൂർസിറ്റി | 9846876867 |
| 6. നാസിം മാൽ | സമീം, കാലിക്കറ്റ് | 9387519202 |
| 7. നാസിം തർബിയ്യത്ത് | നാസിർഅഹ്മദ്, ചേലക്കര | 9947772777 |
| 8. നാസിം തബ്‌ലീഗ് | സബാഹ്, പത്തപ്പിരിയം | 9446993895 |
| 9. നാസിം തഅ്‌ലീം | ശംസുദ്ദീൻ, കണ്ണൂർസിറ്റി | 9447684973 |
| 10. നാസിം ഖിദ്മത്തെ ഖൽഖ് | അബ്ദുൽ റാസിക്, പഴയങ്ങാടി | 9895655426 |
| 11. നാസിം അത്ഫാൽ | നദീം, കൂടാളി | 04902484593, 9895220109 |
| 12. നാസിം ഉമൂമി | മുസഫർ അഹ്മദ് ഐ.കെ, മാത്തോട്ടം | 9847994440 |
| 13. നാസിം തഹ്‌രീകെ-ജദീദ് | ഫാറൂഖ്, പാലക്കാട് | |
| 14. നാസിം വഖാറെ അമൽ | മുഹമ്മദ് അശ്റഫ്.എം.കെ, കാലിക്കറ്റ് | 9249320010 |
| 15. നാസിം സൻഅത്തോ തിജാറത്ത് | മുബാറക്, മഞ്ചേരി | 9447995248 |
| 16. നാസിം സിഹത്തെ ജിസ്മാനി | മഖ്ബൂൽ, മണ്ണാർക്കാട് | 9447744628 |
| 17. നാസിം മുഹാസിബ് | അശ്റഫ്. എസ്.വി, കാലിക്കറ്റ് | 9447411281 |
| 18. തർബിയ്യത്ത് നൗ മുബായീൻ | മൻസൂർ, പള്ളിപ്പുറം | 9846318023 |
| 19. നാസിം ഉമൂറെ ത്വലബ | ഷാജിർ അഹ്മദ്, കണ്ണൂർ ടൗൺ | 9895271909 |

**ജില്ലാ ഖായിദ്**

| | | |
|---|---|---|
| 1. കണ്ണൂർ | ശഫി അഹ്മദ് (കണ്ണൂർ സിറ്റി) | 9447378103 |
| 2. കോഴിക്കോട് | ജലീൽ അഹ്മദ് (മാത്തോട്ടം) | |
| 3. മലപ്പുറം | അബ്ദുൽ ഗനി (കരുളായി) | 9446242099 |
| 4. പാലക്കാട് | ബാസിത് മുസ്‌ലിഹ് (മണ്ണാർക്കാട്) | 9447715405 |

## ഖുർആൻ

“‘അവരുടെയടുക്കൽ അവരിൽനിന്നുള്ള ഒരു ദൂതൻ വന്നു. എന്നാൽ അവർ അദ്ദേഹത്തെ നിഷേധിച്ചു. അപ്പോൾ അവർ അക്രമികളായിരിക്കെ ശിക്ഷ അവരെ പിടികൂടി. ” (*14:144*)

## നബിവചനം

“ജനങ്ങളിൽ ഇസ്‌ലാമിന്റെ നാമവും വിശുദ്ധഖുർആന്റെ ലിപികളും മാത്രം അവശേഷിക്കുന്ന ഒരു കാലം വരും. പള്ളികൾ ജനനിബിഢമായിരിക്കും. എന്നാൽ, അത് സന്മാർഗ്ഗത്തിൽനിന്നും ശൂന്യമായിരിക്കും. അവരുടെ ഉലമാക്കൾ ആകാശത്തിൻ കീഴിൽ ഉള്ളവരിൽ വെച്ച് ഏറ്റവും ദുഷ്ടന്മാരായിരിക്കും. ഫിത്നകൾ അവരിൽനിന്നും ഉത്ഭവിക്കുകയും അവ അവരിലേക്കുതന്നെ മടങ്ങുകയും ചെയ്യും.” (*മിശ്ക്കാത്ത്*)

## യുഗശബ്ദം



എന്റെ ശത്രുക്കളായിരിക്കുന്ന മൗലവിമാരോടും അവരുടെ സഹയാത്രികരോടും അല്ലാഹുവിനെ മുൻനിർത്തി ആത്മാർത്ഥതയോടുകൂടി ഞാൻ പറയുന്നു: ചീത്തപറയുകയും നിന്ദിക്കുകയും ചെയ്യുക മാന്യമായ മാർഗ്ഗമല്ല. നിങ്ങളുടെ സ്വഭാവം ഇതാണെങ്കിൽ ആകട്ടെ, നിങ്ങളുടെ ഇഷ്ടം എന്നെ നിങ്ങൾ കള്ളവാദിയായി കരുതുന്നുവെങ്കിൽ നിങ്ങൾക്കതും ചെയ്യാം. നിങ്ങൾ പള്ളികളിൽ ഒരുമിച്ചു കൂടിട്ടോ ഒറ്റയൊറ്റയായിട്ടോ എന്റെ നാശത്തിന്നായി പ്രാർത്ഥിച്ചുകൊള്ളുവിൻ. വാവിട്ടു നിലവിളിച്ചുകൊണ്ട് എന്നെ നിർമ്മൂലനം ചെയ്യുവാൻ പ്രാർത്ഥിക്കുവിൻ. ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയമായും ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടും. എന്നാൽ ഓർത്തുകൊൾവിൻ! നിങ്ങളുടെ നാവ് മുറിക്കപ്പെട്ടുപോകുമാറ് നിങ്ങൾ പ്രാർത്ഥിച്ചാലും, നിങ്ങളുടെ നാഡികൾ തേഞ്ഞുമാഞ്ഞു പോകുമാറ് നിങ്ങൾ സുജൂദ് ചെയ്താലും അശ്രുധാരകളാൽ കൺകുഴികൾ ചീഞ്ഞുപോകയും കൺപീലികൾ കൊഴിഞ്ഞുപോകയും കാഴ്ച നഷ്ടപ്പെട്ടുപോകയും ഒടുവിൽ ബുദ്ധി മന്ദിച്ചു അപസ്മാരമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞും വിലപിച്ചും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്താലും നിങ്ങളുടെ ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയില്ല. എന്തെന്നാൽ ഞാൻ ദൈവത്തിൽ നിന്നുള്ളവനാകുന്നു. ആർ എന്റെ നാശത്തിന്നായി പ്രാർത്ഥിക്കുന്നുണ്ടോ ആ പ്രാർത്ഥന അവന്റെമേൽതന്നെ തിരിഞ്ഞുചെല്ലും. എന്നെപ്പറ്റി ‘അവന്റെമേൽ ശാപം’ എന്ന് ആർ പറയുന്നുവോ ആ ‘ലഅനത്ത്’ അവന്റെ ഹൃദയത്തിൽ തന്നെയാണ് പതിക്കുക.

എന്റെ ആത്മാവിനുള്ളിൽ ഹദ്റത്ത് ഇബ്റാഹീമിന് നൽകപ്പെട്ട സത്യമാണ് കുടികൊള്ളുന്നത്. എനിക്ക് ദൈവത്തോട് ഹദ്റത്ത് ഇബ്റാഹീമിനുള്ള ബന്ധമാണുള്ളത്. ആരുംതന്നെ എന്റെ സത്യം അറിയുന്നില്ല. എന്റെ ദൈവമല്ലാതെ! ശത്രുക്കൾ തങ്ങളെ തന്നെ നശിപ്പിക്കുകയാണ്. ഞാൻ അവരുടെ കയ്യാലെ പറിച്ചുനീക്കപ്പെടാവുന്ന ഒരു ചെടിയല്ല. അവരുടെ പൂർവ്വീകരും അവരുടെ ശേഷക്കാരും അവരിൽ ജീവിച്ചിരിക്കുന്നവരും അവരിൽ മരിച്ചുപോയവരും ഒന്നുചേർന്നുകൊണ്ട് എന്നെ കൊല്ലാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നാലും എന്റെ ദൈവം ആ എല്ലാ പ്രാർത്ഥനകളേയും ശാപങ്ങളുടെ രൂപത്തിലാക്കി അവരുടെ മുഖത്തേക്കുതന്നെ വലിച്ചെറിയും. എന്ത്? ദൈവികമായ ഈ പ്രവർത്തനങ്ങളെ മനുഷ്യന് തടയാൻ കഴിയുമോ? കൊള്ളാം! നിങ്ങൾക്ക് സാധ്യമെങ്കിൽ തടഞ്ഞുകൊൾവിൻ. നബിമാരുടെ ശത്രുക്കൾ പ്രവർത്തിച്ചുപോന്നിട്ടുള്ള സകലതരം തന്ത്രങ്ങളും വഞ്ചനകളും ചെയ്തുനോക്കുവിൻ. അങ്ങേയറ്റം വരെ പ്രവർത്തിച്ചുനോക്കുവിൻ എന്നിട്ട് എന്ത്ഹാനി വരുത്താനാണ് നിങ്ങൾക്ക് കഴിഞ്ഞതെന്ന് നോക്കേണ്ടതാണ്. ദൈവത്തിന്റെ സ്വർഗ്ഗീയാടയാളങ്ങൾ മഴപോലെ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, നിർഭാഗ്യരായ മനുഷ്യർ ദൂരെനിന്നുകൊണ്ട് ആക്ഷേപിക്കുകയാണ്. മുദ്രവെക്കപ്പെട്ടുപോയ ഹൃദയങ്ങൾക്ക് എന്തു ചികിത്സയാണുള്ളത്. ഓ ദൈവമേ, നീ ഈ സമുദായത്തിന് കൃപ ചെയ്യേണമേ. (***അർബയീൻ***)

# അൽഹഖ്- ലഘുചരിത്രം

**എസ്. ഉദ്ദീൻ**

**1982** കാലഘട്ടം. എച്ച്. സുലൈമാൻ എന്ന സ്കൂൾ അദ്ധ്യാപകന്റെ മനസ്സിൽ ഒരാശയം ഉടലെടുത്തു. തന്റെ ജമാഅത്തായ കാവശ്ശേരി ജമാഅത്തിലെ യുവാക്കളുടെ കഴിവുകൾ പുറത്തുകൊണ്ടുവരികയായിരുന്നു ഈ ആശയത്തിന്റെ പിന്നിലുള്ള ചേതോവികാരം. ഒരു പത്രപ്രവർത്തകന്റെ മനസ്സിനുടമയായിരുന്ന സുലൈമാൻ മാസ്റ്റർ എന്ന ഖാദിം തന്റെ സഹപ്രവർത്തകരുമായി കൂടിയാലോചിച്ചു. എച്ച്.എസിന്റെ



*എച്ച്. സുലൈമാൻ സാഹിബ്: അൽഹഖിന്റെ പ്രഥമ എഡിറ്റർ*

ആശയം സഫലമായി. കാവശ്ശേരി ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു പത്രം തുടങ്ങാൻ തീരുമാനമെടുത്തു. അതാണ് അൽഹഖ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ വാർത്താപത്രത്തിന്റെ പഴയ രൂപം.

പത്രം തുടങ്ങാൻ ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. പക്ഷെ, കാവശ്ശേരി ഖുദ്ദാമുൽ അഹ്മദിയ്യായെ അതൊട്ടും തളർത്തിയില്ല. സുലൈമാൻ സാഹിബ് പത്രം ഇറക്കാനുള്ള ചുമതല സ്വയം ചുമലിലേറ്റി. കൈകൊണ്ടെഴുതി ഫോട്ടോകോപ്പികളെടുത്ത് പുറത്തിറക്കാനായിരുന്നു തീരുമാനം. വടിവൊത്ത അക്ഷരങ്ങളുടെ ഉടമയായ എച്ച്.എസ്. കാവശ്ശേരി പത്രം എഴുതി തയ്യാറാക്കി. 1982 ആഗസ്റ്റിൽ അൽഹഖ് കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കപ്പെട്ടു. സമീപ ജമാഅത്തുകളിലും ഇതിന്റെ കോപ്പികളെത്തി. പത്രം കാണാനിടയായവരൊക്കെ അതിനെ പുകഴ്ത്തി. ഇത് സുലൈമാൻ സാഹിബിന്റേയും കാവശ്ശേരി ഖുദ്ദാമുൽ അഹ്മദിയ്യായുടേയും ആത്മധൈര്യം ഇരട്ടിച്ചു. അതോടെ പത്രം തുടർന്നും ഇറക്കാൻ തീരുമാനിക്കപ്പെട്ടു. പല കോണുകളിൽ നിന്നും പ്രോത്സാഹനങ്ങളും ലഭ്യമായി.

1992 ഡിസംബറിൽ അൽഹഖ് നാലുപേജുകളോടെ ഒരു വാർത്താപത്രമാക്കി മാറ്റി. അപ്പോഴും കയ്യെഴുത്തുതന്നെ. 1992 ഡിസംബർ 4-ന് അൽഹഖ് വാർത്താപത്രം പ്രകാശനം ചെയ്യപ്പെട്ടു. പത്തനാപുരത്ത്‌വെച്ച് കൊടുങ്ങല്ലൂർ സലീം സാഹിബ് ആദ്യ പ്രതി മൗലവി ടി.എം. മുഹമ്മദ് സാഹിബിന് നൽകിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. പത്രത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ സമീപ ജമാഅത്തുകളിലും കോഴിക്കോട് ജമാഅത്തിലും എത്തിച്ചു. അൽഹഖ് എന്ന പത്രം സുലൈമാൻ സാഹിബിന്റെ കൈകളിലൂടെ വളരുകയായിരുന്നു. പ്രോത്സാഹനങ്ങളും സഹായങ്ങളും പല കോണുകളിൽനിന്നും ലഭ്യമായി.

1993-ൽ അൽഹഖ് സംസ്ഥാന ഖുദ്ദാമുൽ അഹ്മദിയ്യാ ഏറ്റെടുത്തു. തുടർന്ന് പേജുകൾ എട്ടാക്കി വർദ്ധിപ്പിച്ചു. സുലൈമാൻ സാഹിബ് എഴുതി തയ്യാറാക്കിയ അൽഹഖ് സംസ്ഥാന മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ അഭിമാനമായി. 200 മുതൽ 400 കോപ്പികൾ വരെ ഫോട്ടോസ്റ്റാറ്റിലൂടെ പുറത്തിറങ്ങി.


പ്രകാശനം ചെയ്തു

1994 ഏപ്രിൽ മാസം മുതലാണ് അൽഹഖ് അച്ചടിച്ച് പ്രസിദ്ധപ്പെടുത്താൻ ആരംഭിച്ചത്. എറണാകുളം ടൗൺഹാളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശദാബ്ദി സമ്മേളനാവസരത്തിൽ അച്ചടിച്ച അൽഹഖ് വായനക്കാരുടെ കൈകളിലെത്തി. ഇതിന് മർഹൂം കാക്കനാട് അബ്ദുർറഹ്മാൻ സാഹിബിന്റെ സേവനം അവിസ്മരണീയമാണ്. പി. പി. ഹസ്സൻ കോയ സാഹിബായിരുന്നു അപ്പോഴത്തെ


അൽഹഖ്
നമസ്കാരത്തെ സംരക്ഷിക്കുക

*അൽഹഖ് - ആദ്യപ്രതികളിലൊന്ന്*

സംസ്ഥാന ഖാഇദ്. തുടർന്ന് അൽഹഖ് അച്ചടിച്ച് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഓട്ടുപാറയിലെ ബിശാറത്ത് പ്രസ്സിലായിരുന്നു അച്ചടിച്ചിരുന്നത്. ടി. ബദറുദ്ദീൻ സാഹിബ്, ടി. ഖാലിദ് സാഹിബ് എന്നിവരുടെ ഉടമസ്ഥതയിലായിരുന്ന ബിശാറത്ത് പ്രസ്സ് അൽഹഖിനെ ഏറെ സഹായിച്ചു. സ്വന്തം പ്രസ്സെന്നപോലെ ഈ പ്രസ്സ് സഹകരിച്ചിരുന്നു.

തിരൂരിലെ പി.എം. സലീം സാഹിബ് സംസ്ഥാന ഖാഇദായപ്പോഴാണ് അൽഹഖിന്റെ വലിപ്പം കൂട്ടിയത്. മാറിമാറി വന്ന സംസ്ഥാന ഖാഇദുമാരായ സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്, പി.എം. ബശീർ അഹ്മദ് സാഹിബ്, എസ്. മുഹമ്മദ് സലീം സാഹിബ്, സജിദ് പടിയത്ത് സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവർ അൽഹഖിനെ ഏറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

എച്ച്. സുലൈമാൻ സാഹിബ് അൻസാർ ആകുന്നതുവരെ അൽഹഖിന്റെ എഡിറ്റർ ആയിരുന്നു. അതിനുശേഷം കോഴിക്കോട്ടെ അഹ്മദ് ശാഫിസാഹിബ് എഡിറ്റർ സ്ഥാനം വഹിച്ചു. സുലൈമാൻ സാഹിബ് എഡിറ്റർ സ്ഥാനം വഹിക്കുന്നതോടൊപ്പം തന്നെ സംസ്ഥാന ഖുദ്ദാമുൽ അഹ്മദിയ്യായുടെ വിവിധ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ഒരിക്കൽ അൽഹഖിന്റെ കയ്യെഴുത്ത് പ്രതി ലഭിക്കാനിടയായ മർഹൂം എൻ. അബ്ദുർറഹീം സാഹിബ് സത്യദൂതനിൽ റിവ്യൂ എഴുതി. അൽഹഖ് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു പത്രമായി മാറണമെന്ന തന്റെ ആഗ്രഹം അദ്ദേഹം തുറന്നെഴുതി. ആ ആഗ്രഹം നിറവേറ്റപ്പെട്ടിരിക്കുന്നു. വൈവിധ്യമാർന്ന പംക്തികളോടെ അൽഹഖ് മാസം തോറും ഇപ്പോൾ പുറത്തിറങ്ങുന്നുണ്ട്. ഇപ്പോൾ കണ്ണൂരിൽനിന്നും പുറത്തിറങ്ങുന്ന അൽഹഖിന് മർഹൂം ബി.എം. കോയ സാഹിബിന്റെ പ്രസ്സിൽ നിന്നും- ബി.ആർ.ബി ഓഫ്സെറ്റ് പ്രസ്സ്- ലഭ്യമാകുന്ന സഹകരണം ഏറെയാണ്. അവിടെയുള്ള തൊഴിലാളികളും അൽഹഖിനെ ഭംഗിയാക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. എച്ച്. സുലൈമാൻ സാഹിബിന്റെ മനസ്സിലുദിച്ച്, കൈകളിലൂടെ വളർന്ന് ഇന്നത്തെ നിലയിലെത്തിയിരിക്കുന്ന അൽഹഖിനെ തുടർന്നും മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. അതിന് ഖാദിംകളുടെ സഹകരണവും, സഹായവും, ദുആയും അപേക്ഷിക്കുന്നു.

# ഖാദിയാൻ ജൽസ 2007

**ഖാദിയാൻ:-** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 115-ാം വാർഷിക സമ്മേളനം ഖാദിയൻ ദാറുൽ അമാനിൽവെച്ച് ഡിസംബർ 26,27,28 തിയ്യതികളിലായി നടന്നു. ഏകദേശം 30,000 ൽ അധികം പ്രതിനിധികൾ പങ്കെടുത്ത ജൽസ ആത്മീയതേജസ്സിനാൽ അനുഗ്രഹീതമായിരുന്നു. മൂന്ന് ദിവസങ്ങളിലായി നടന്ന വ്യത്യസ്ത സമ്മേളനങ്ങളിൽ പങ്കെടുത്ത പതിനായിരങ്ങൾക്ക് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഹൃദയത്തിൽ ദൃഢീകരിക്കാൻ സാധിച്ചു.

26-ാം തിയ്യതി കാലത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഖിലേന്ത്യാ മേലധ്യക്ഷൻ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് ഇസ്‌ലാമിന്റെ ശ്യാമളപതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. ഇന്ത്യയിൽനിന്നുള്ള പ്രതിനിധികൾക്കു പുറമെ ഇതര ലോകരാഷ്ട്രങ്ങളിൽനിന്നും പ്രതിനിധികൾ സമ്മേളനത്തിനായി എത്തിയിരുന്നു. ഇക്കൂട്ടത്തിൽ പാക്കിസ്ഥാനിൽ നിന്ന് മാത്രം അഞ്ചായിരത്തിലധികം അഹ്മദികൾ ഖാദിയാനിലെത്തിയിരുന്നു.

മിർസാ വസീം അഹ്മദ് സാഹിബ് അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ വിശ്വാസവും സത്യവും ദൃഢീകരിക്കുകയാണ് ഇത്തരം സമ്മേളനങ്ങൾ കൊണ്ടുള്ള ഉദ്ദേശ്യമെന്ന് ഊന്നിപ്പറഞ്ഞു. മിർസാ വസീം അഹ്മദിന്റെ ഉദ്ഘാടന പ്രഭാഷണത്തിനുശേഷം ഹൈദരാബാദിലെ ഉസ്മാനിയാ യൂനിവേഴ്സിറ്റി ഖഗോളശാസ്ത്ര വിഭാഗം മുൻതലവൻ ഡോ. സാലിഹ് മുഹമ്മദ് അലാവുദ്ദീൻ ‘ദൈവാസ്തിക്യം വെളിപാടുകളുടെ അടിസ്ഥാനത്തിൽ’ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. തുടർന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് ആഭ്യന്തരമന്ത്രി ശിവരാജ്പാട്ടീൽ എന്നിവരുടെ സന്ദേശങ്ങൾ വായിക്കപ്പെട്ടു. ഉച്ചയ്ക്കുശേഷം നടന്ന രണ്ടാം സെഷനിൽ മൗലാനാ മുഹമ്മദ് അമീർ കൗസർ പ്രഭാഷണം നടത്തി.

രണ്ടാം ദിവസം നടന്ന സമ്മേളനത്തിൽ അഹ്മദിയ്യാ ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പാൾ സുൽത്താൻ അഹ്മദ് സഫർ പ്രധാന പ്രഭാഷണം നടത്തി. പിന്നീട് ‘ഇസ്‌ലാ

*(ശേഷം 8-ാം പേജിൽ)*

പിന്നിട്ട നാളുകൾ

# കൊടുങ്ങല്ലൂർ യൂസുഫ് സാഹിബ്

**തയ്യാറാക്കിയത് - ശംസുദ്ദീൻ**

ജമാഅത്തെ ഇസ്ലാമി പ്രവർത്തകനും അവരുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ തൃശ്ശൂർ ജില്ലാ ശൂറാ മെമ്പറും ജമാഅത്തെ ഇസ്ലാമി പള്ളിയിൽ 9 വർഷകാലത്തോളം മുഅല്ലിമുമായിരുന്ന യൂസുഫ് സാഹിബ് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചറിയുന്നത് വളരെ യാദൃശ്ചികമായിട്ടാണ്. ഒരു സുന്നികുടുംബത്തിലണ് യൂസുഫ് സാഹിബ് ജനിച്ചതും വളർന്നതും. പിതാവ് സുന്നിപള്ളിയിലെ ഒരു മുക്രിയായിരുന്നു. പ്രദേശത്തെ ഏതാനും ജമാഅത്തെ ഇസ്ലാമി പ്രവർത്തകരാണ് യൂസുഫ് സാഹിബിനെ ആ പ്രസ്ഥാനവുമായി അടുപ്പിച്ചത്. ഈ പ്രവർത്തകരുടെ സംസാരങ്ങൾ കേട്ടുകൊണ്ടാണ് അവരുമായി അടുത്തതും ജമാഅത്തെ ഇസ്ലാമിയെ കുറിച്ച് അറിയാൻ ആഗ്രഹിച്ചതും. ഈ ആഗ്രഹമാണ് യൂസുഫ് എന്ന 14 വയസ്സുകാരനെ അവരുടെ ദർസിലും തുടർന്ന് പള്ളിയിൽ ജോലിയിലും എത്തിച്ചത്. തുടർന്ന് അവിടെ ഇസ്ലാമിക് സ്റ്റഡിസർക്കിളും, ബ്രദേർസ് ലൈബ്രറി എന്ന പേരിൽ ഒരു ലൈബ്രറിയും സ്ഥാപിച്ചു. 1986-ൽ ജമാഅത്തെ ഇസ്ലാമിയിലെ പ്രവർത്തകർ തമ്മിലുള്ള അകൽച്ച കാരണം യൂസുഫ് സാഹിബ് അവരുടെ പള്ളിയിലെ ജോലി ഉപേക്ഷിക്കാൻ തീരുമാനമെടുത്തു. അപ്പോഴേക്ക് യൂസുഫ് സാഹിബിന് 24 വയസ്സായിക്കഴിഞ്ഞിരുന്നു.

തുടർന്ന് എറണാകുളത്ത് ഒരു സുന്നിമഹല്ലിലെത്തി. അവിടെ ജോലി ചെയ്യുന്ന ഒരു പോലീസുകാരൻ സുഹൃത്താണ് അവിടെ എത്തിച്ചത്. അവിടെ പൂണിത്തുറ എന്ന സ്ഥലത്ത് ഒരു സുന്നിപള്ളി വൃത്തിഹീനമായി ആരും നോക്കാനില്ലാതെ കിടക്കുകയായിരുന്നു. അത് പരിപാലിച്ചെടുക്കാനാണ് പോലീസുകാരൻ യൂസുഫ് സാഹിബിനെ കൊണ്ടുപോയത്. ക്രമേണ പഴയ സുന്നീ പാരമ്പര്യംവെച്ച് പള്ളി വൃത്തിയാക്കി. ആളുകളെ പള്ളിയുമായി അടുപ്പിച്ചു. തുടർന്ന് മദ്രസയും തുടങ്ങി. മാനസികമായി പൊരുത്തമില്ലെങ്കിലും മൗലൂദിനും മന്ത്രത്തിനും വീടുകളിൽപോയി. മഹല്ല് നിവാസികൾക്ക് യൂസുഫ് ഉസ്താദ് പ്രിയപ്പെട്ടവനായി. കുറേ ചെറുപ്പക്കാരായ കൂട്ടുകാരേയും ലഭിച്ചു.

ഒരുവർഷം മാത്രമേ അവിടെ തുടരാനായുള്ളൂ. ആ പ്രദേശം വിട്ടുപോരേണ്ട ഒരവസ്ഥ അവിടെ സംജാതമാകുകയായിരുന്നു. ആ പള്ളിയിൽ വെള്ളിയാഴ്ച ഖുത്ബക്കായി ഒരു മൗലവി വരാറുണ്ടായിരുന്നു. അയാളുടെ പ്രസംഗവും ഖുത്ബയുമൊന്നും യൂസുഫ് ഉസ്താദിന്റെ മനസ്സിനെ ആകർഷിച്ചില്ല. മറിച്ച്, വെറുപ്പുളവാക്കി. ഒരു



വെള്ളിയാഴ്ച മൗലവി ഖുത്ബ പ്രസംഗത്തിനായി സൂറ സഫ് ഓതി വിശദീകരണം ആരംഭിച്ചു. ശുദ്ധമല്ലാത്ത മലയാളത്തിൽ അയാൾ മൂസാനബിയുടെ അത്ഭുതകഥകളാണ് പറഞ്ഞത്. സൂറഃസഫിന്റെ അർത്ഥം പറഞ്ഞതുമില്ല. മൗലവി നിറുത്തുന്ന ലക്ഷണമില്ല. അയാൾ ബൈബിൾ കഥകൾ പറഞ്ഞുകൊണ്ടേയിരുന്നു. സഹികെട്ട യൂസുഫ് സാഹിബ് എഴുന്നേറ്റ് പറഞ്ഞു. "മൗലവി സാഹിബ് സമയം കുറേയായി. താങ്കൾ ഓതിയ സൂറത്തിന്റെ അർത്ഥം പറഞ്ഞിട്ടുമില്ല." ഇതുകേട്ട മൗലവി സ്തബ്ധനായി. ദ്വേഷ്യം അയാളുടെ മുഖം വികൃതമാക്കി. അയാൾ പറഞ്ഞു ഞാൻ ഖുർആനാണ് ഓതിയത്.'' യൂസുഫ് സാഹിബിന്റെ മറുപടി ഉടനെ വന്നു. "പക്ഷേ, താങ്കൾ പറയുന്നത് ഖുർആനല്ല. ബൈബിൾ കഥകളാണ്.'' അതൊരു വാഗ്വാദമായി. മൗലവി - നിങ്ങൾ അർത്ഥം പറയുമോ? യൂസുഫ് - ഞാൻ പറയാം.

ഇതുകേട്ടയുടനെ മൗലവി നേരെ പോയി മിമ്പറിൽ കയറി ഖുത്ബ നിർവ്വഹിച്ചു. നമസ്കാരവും നടത്തി. യൂസുഫ് സാഹിബിന്റെ മനസ്സ് ശാന്തമായി. പക്ഷേ, പള്ളിയിൽ മുറുമുറുപ്പ് തുടങ്ങിക്കഴിഞ്ഞിരുന്നു. മൗലവിയുടെ സിൽബന്ധികൾ പരസ്പരം പറഞ്ഞു. 'ഇവൻ ആരെടാ, ഇവനോട് ചോദിച്ചിട്ടുതന്നെ കാര്യം.' യൂസുഫ് ഉസ്താദ് നമസ്കാരത്തിൽ കുറേ ദുആ ചെയ്തു. നമസ്കാരം കഴിഞ്ഞപ്പോൾ പലരും ചോദിച്ചു. ''എന്തുകൊണ്ടാണ് നീ ഇങ്ങനെ പറഞ്ഞത്? അത് ശരിയായില്ല. ഉടനെ മൗലവിയോടു മാപ്പ് പറയണം" ഒടുവിൽ ഒത്തുതീർപ്പുണ്ടായി. ജനങ്ങളുടെ മുന്നിൽവെച്ച് രണ്ടുപേരും കാര്യങ്ങൾ സമർപ്പിക്കണം. അതിനായി ഒരു ദിവസം തീരുമാനിക്കപ്പെട്ടു. പക്ഷേ, മൗലവി വന്നില്ല. യൂസുഫ് ഉസ്താദ് അവിടം വിടാൻ തീരുമാനിച്ചു കഴിഞ്ഞിരുന്നു.

നേരെ നാട്ടിലെത്തി. അവിടെതന്നെ നിൽക്കുന്നതിനായി ജേഷ്ഠൻ ഓട്ടോ വാങ്ങി ഏൽപിച്ചു. യൂസുഫ് എന്ന മതതൽപരന് അതിൽ തീരെ താല്പര്യമില്ലായിരുന്നു. എന്നാലും ഓട്ടോ ഓടിക്കുന്ന ജോലി ചെയ്തു. ഒരിക്കൽ ഓട്ടോ മറിഞ്ഞു. അതോടെ ഓട്ടോ അനുജനെ ഏൽപിച്ചു. അതിനുശേഷം കച്ചവടം ചെയ്തു. അതിൽ വിജയിച്ചുമില്ല.

തുടർന്ന് വീണ്ടും ജമാഅത്തെ ഇസ്ലാമിയുടെ പള്ളിയിലെത്തി. മറ്റൊരു പള്ളിയിൽ. ഇതിനിടയിൽ കൊടുങ്ങല്ലൂർ സലീം സാഹിബുമായി പരിചയത്തിലായി. സലീം സാഹിബും ജമാഅത്തെ ഇസ്ലാമിയുടെ സജീവപ്രവർത്തകനായിരുന്നു. ഒരു ദിവസം സലീം സാഹിബ് യൂസുഫ് സാഹിബിനോട് ചോദിച്ചു. ''യൂസുഫേ, ഖാതമുന്നബിയ്യീൻ എന്നതിന്റെ അർത്ഥമെന്ത്? യൂസുഫ് സാഹിബ് മറുപടി നൽകി. ''അന്ത്യപ്രവാചകൻ' അങ്ങനെയല്ലെ മൗദൂദി സാഹിബിന്റെ പരിഭാഷയിലുള്ളത്." പക്ഷേ, സലീം സാഹിബ് തൃപ്തനായില്ല.അദ്ദേഹം പറഞ്ഞു. "അല്ല യൂസുഫേ, മറ്റു പരിഭാഷകൾകൂടി നോക്കണം".

ഇതിനിടയിൽ മാധ്യമം പത്രത്തിലൊരു വാർത്തകണ്ടു. ഖാദിയാനികളും മുസ്ലിംകളും തമ്മിൽ മുബാഹല നടന്നതാണ് ആ വാർത്ത. യൂസുഫ് സാഹിബിന്റെ മനസ്സ് വിഷമിച്ചു. "എന്താണിത്? മുസ്ലിംകൾ തമ്മിൽ തമ്മിൽ ശാപ പ്രാർത്ഥനയോ? അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയാൽ എന്താകും അവസ്ഥ?'' യൂസുഫ് മനസ്സിൽ പറഞ്ഞു. അതൊന്നന്വേഷിക്കണമെന്ന് യൂസുഫ് സാഹിബ് തീരുമാനിച്ച് മനസ്സിൽ കുറിച്ചിട്ടു. ഇതിനിടയിൽ ഒരാൾ വന്ന് യൂസുഫ് സാഹിബിനോട് പറഞ്ഞു. ''നിങ്ങളുടെ സുഹൃത്ത് സലീം ഖാദിയാനികളെ കുറിച്ച് പഠിക്കുന്നുണ്ടെന്ന് തോന്നുന്നു. ഒന്ന് ശ്രദ്ധിക്കണം." യൂസുഫ് സാഹിബ് ഉടനെ അന്വേഷിക്കാമെന്നേറ്റു. തുടർന്നുള്ള ദിവസങ്ങളിൽ ആത്മസുഹൃത്തിനെ കാണാൻ കഴിഞ്ഞില്ല.

പക്ഷേ, ഒരു ദിവസം സലീം സാഹിബിനെ അല്ലാഹു യൂസുഫ് സാഹിബിന്റെ വീട്ടിലെത്തിച്ചു. പല കാര്യങ്ങളും സുഹൃത്തുക്കൾ പരസ്പരം കൈമാറി. അവർ വീടിനു പുറത്തിറങ്ങി നടന്നു. ക്രമേണ മടിച്ചാണെങ്കിലും യൂസുഫ് സാഹിബ് ചോദിച്ചു. "അല്ലാ, സലീം സാഹിബേ, നിങ്ങൾ ഖാദിയാനിസത്തെ കുറിച്ച് പഠിക്കുന്നുണ്ടെന്ന് കേട്ടു. ശരിയാണോ?'' അതുവരെ അതേപറ്റി ഒന്നും സംസാരിക്കാതിരുന്ന സലീം സാഹിബ് കാര്യങ്ങൾ പറഞ്ഞു. അതോടെ യൂസുഫ് സാഹിബിന്റെ മനസ്സിളകി. കൂടുതൽ അറിയാൻ ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു. ഖുർആനിൽ ഇതേപറ്റി വല്ല തെളിവുമുണ്ടോ? സലീം സാഹിബ്- ഉണ്ട്. എങ്കിൽ നമുക്ക് അവരോടൊപ്പം ചേർന്നൂടെ? സലീം സാഹിബ് പറഞ്ഞു. "പ്രശ്നമാകും. ഒറ്റപ്പെടും."

രണ്ടുപേരും കൂടുതലറിയാൻ കൊച്ചിയിലേക്ക് പോകാൻ തീരുമാനിച്ചു. (സലീം സാഹിബ് അഹ്മദിയായിക്കഴിഞ്ഞിരുന്നു. യൂസുഫ് സാഹിബ് ഇതറിഞ്ഞിരുന്നില്ല) ക്രമേണ ഈ വിവരം നാട്ടിൽ പരന്നു. പലരും വന്നു. ഉപദേശിച്ചു. യൂസുഫേ അപകടത്തിൽ ചാടരുത്. ഇതിനിടയിൽ യൂസുഫ് സാഹിബ് ഒരു സ്വപ്നം കാണാനിടയായി. 'ഈസാനബി കുരിശിൽ കിടക്കുന്നു. ഒപ്പം സത്യം ക്രൂശിക്കപ്പെടുന്നു എന്ന തലക്കെട്ടും.'' ഇതാണ് സ്വപ്നം. അല്ലാഹു യൂസുഫ് സാഹിബിനെ സലീംസാഹിബിന്റെ ആത്മമിത്രമാക്കിമാറ്റാൻ തീരുമാനിച്ചുകഴിഞ്ഞിരുന്നു. പല ജമാഅത്തെ ഇസ്ലാമി നേതാക്കളും യൂസുഫ് സാഹിബിനടുത്തെത്തി. പലതും പറഞ്ഞു. ഒടുവിൽ ഇശാഅത്തുകാരുടെ അടുത്തുവരെ എത്തിച്ചു. കൊടിയത്തൂർ പി.പി. അബ്ദുർറഹ്മാൻ എന്ന ഇശാഅത്ത് നേതാവിന്റെ വീട്ടിൽ യൂസുഫ് സാഹിബ് എത്തപ്പെട്ടു. അയാൾ കുറേ പറഞ്ഞു. എല്ലാം കേട്ടിരുന്നു. ഒടുക്കം സഹികെട്ട യൂസുഫ് സാഹിബ് വീണ്ടും അഹ്മദിയ്യത്തിനെക്കുറിച്ച് പറഞ്ഞു. അതോടെ നാട്ടിലേക്ക് തിരിച്ചയക്കാൻ തീരുമാനമായി. നാട്ടിൽനിന്നും ഏതാനം ആളുകളെത്തി. യൂസുഫിനെ കൊണ്ടുപോകാൻ. തിരിച്ചുവരുന്ന വഴിയിൽ യൂസുഫ് സാഹിബിന് ചാവക്കാടെ തങ്ങളെക്കുറിച്ച് ഓർമ്മവന്നു. ഉടനെ തന്ത്രപൂർവ്വം കുന്നംകുളമിറങ്ങി. ബസ് വിട്ടപ്പോൾ ഒപ്പമുള്ളവരോട് ഞാനില്ലെന്ന് പറഞ്ഞു. യൂസുഫ് സാഹിബ് ചാവക്കാട്ടേക്ക് പോകാൻ വഴിയന്വേഷിച്ചു. ഒപ്പംസത്യത്തിലേക്കുള്ള വഴിയും. ഒരുവിധം ചാവക്കാട്ടെത്തി. തങ്ങളുടെ വീട് കണ്ടെത്തി. അവിടെ നിന്നും കുറേനേരം സംസാരിച്ചു. ഒപ്പം ഭക്ഷണം കഴിച്ച്, നമസ്കരിച്ച് രാത്രി വീട്ടിലേക്ക് മടങ്ങി.

നാട്ടിലെത്തുമ്പോഴേക്കും പ്രശ്നങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു. ഉടനെ ഭാര്യാവീട്ടിലേക്ക് വിളിപ്പിക്കപ്പെട്ടു. അവിടെ പള്ളിക്കമ്മറ്റിക്കാരും ആളുകളും. ആകെ പ്രശ്നം. നീ ഖാദിയാനിയായി എന്നല്ലേ കേൾക്കുന്നത്. എന്താണ് കാര്യം? (യൂസുഫ് സാഹിബ് അപ്പോഴും ബയ്അത്ത് ചെയ്തിരുന്നില്ല) അദ്ദേഹം പറഞ്ഞു. ഇല്ല. ഞാൻ കാര്യങ്ങൾ അറിയാൻ പോയതുമാത്രമാണ്. അതോടെ അവർക്ക് സമാധാനം. തുടർന്ന് പഴയകാല സുഹൃത്തുക്കളുടെ വരവായി. അവർ പറഞ്ഞു "നല്ല

(ശേഷം 8-ാം പേജിൽ)

(5-ാം പേജിൽനിന്ന്)

ഒരു അലങ്കാരമോ ആഢംബരമോ ഒക്കെയായി മാറിക്കഴിഞ്ഞു. ചികിത്സാ സംവിധാനങ്ങൾ അനുദിനം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതേസമയം അടിസ്ഥാന ചികിത്സാസൗകര്യങ്ങൾ സാധാരണ ജനങ്ങൾക്കും പ്രാപ്യമാകാത്തിടത്തോളംകാലം ആരോഗ്യമേഖലയിൽ സ്വയംപര്യാപ്തതയോ സാമൂഹിക സംഘടനാവസ്ഥയോ നമുക്കവകാശപ്പെടാനാവില്ല. സർക്കാർ ആശുപത്രികൾ ഇന്ന് പാവപ്പെട്ടവരുടെ മാത്രം ആശ്വാസകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, രോഗനിർണ്ണയ, ചികിത്സാരംഗത്തെ ആധുനികവത്കരണത്തിനനുസരിച്ച് ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കപ്പെടുന്നുണ്ടോ? സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പലർക്കും മറ്റു പരിശോധനകൾക്കായി സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടതായി വരുന്നു. പരിമിതമായ സൗകര്യങ്ങളും, കാലതാമസവും ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്തതുമാണ് മുഖ്യകാരണങ്ങൾ. സർക്കാർ ആശുപത്രികൾക്കു ചുറ്റും സ്വകാര്യലാബുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനുള്ള കാരണവും മറ്റൊന്നല്ല. ശസ്ത്രക്രിയക്ക് മുൻഗണന ലഭിക്കാൻ ശസ്ത്രക്രിയാസമയത്ത് മുന്തിയ പരിശോധന ലഭിക്കാൻ രോഗികളുടെ ബന്ധുക്കൾ ഡോക്ടറുടെ വസതിയിൽ 'സന്ദർശനം' നടത്തുന്നത് ഇന്ന് മിക്ക സ്ഥലങ്ങളിലും ഒരു കീഴ്വഴക്കമായി കഴിഞ്ഞിരിക്കുന്നു. ചികിത്സ സൗജന്യമായി ലഭിക്കുന്നു എന്നത് ഇത്തരം കീഴ്വഴക്കങ്ങൾക്കുള്ള ന്യായീകരണമല്ല. സൗജന്യ ചികിത്സ ഡോക്ടർമാരുടെയോ, അധികൃതരുടേയോ ഔദാര്യമല്ല. അത് സർക്കാരിന്റെ കടമയും ജനങ്ങളുടെ അവകാശവുമാണ്.

എന്റെ ഒരു സഹപ്രവർത്തകന്റെ അനുഭവം കൂടി ഇവിടെ സൂചിപ്പിക്കുന്നു. അയാളുടെ അമ്മാവൻ ഒരപകടത്തിൽ കൊല്ലപെടുന്നു. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി മെഡിക്കൽകോളേജിലേക്ക് അയച്ചിരിക്കുകയാണ്. അപ്പോഴാണറിയുന്നത് പോസ്റ്റുമോർട്ടം നടത്തുന്നതിനു മുമ്പ് ഫോറൻസിക് ഡോക്ടറെ ചെന്ന് 'ശരിക്കും' കാണണമെന്ന്. അല്ലെങ്കിൽ ശവദാഹത്തിനുദ്ദേശിച്ച സമയത്ത് മൃതദേഹം ചിതക്കുമുകളിൽ എത്തുമെന്ന് ഒരുറപ്പുമില്ലത്രെ. പല ദേഹങ്ങളും ക്യൂവിൽ ക്രമം തെറ്റി മുന്നോട്ടു കയറും. അങ്ങനെ പണം നൽകി, മൃതശരീരത്തിന് മുൻഗണന ഉറപ്പാക്കി!


കേരളം ഇന്ന് പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന വളർച്ചാസാധ്യതയുള്ള ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. പഞ്ചനക്ഷത്ര ഹോസ്പിറ്റലുകളും പഞ്ചകർമ്മ ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും ധാരാളമായി ഈ രംഗത്ത് നിലയുറപ്പിച്ചുകഴിഞ്ഞു. വർദ്ധിച്ചുവരുന്ന ചികിത്സാ ചിലവുകൾ താങ്ങാനാകാതെ സാധാരണ ജനങ്ങൾ നക്ഷത്രമെണ്ണുമ്പോഴാണ് താരത്തിളക്കമുള്ള ആരോഗ്യകേന്ദ്രങ്ങൾ കച്ചവടത്തിന്റെ പുതിയ മേച്ചിൽ പുറങ്ങൾ തേടുന്നത്. ഇവിടെ എല്ലാം വേണം. വികസന സാധ്യതകൾക്ക് നേരെ കണ്ണടക്കുന്നത് അവിവേകം തന്നെ. പക്ഷേ, അത് പല നന്മകളും നേരും നഷ്ടപ്പെടുത്തിക്കൊണ്ടാവരുത്.

ഇന്ത്യയിലെ മുൻനിര ഔഷധനിർമ്മാതാക്കളായ റാൻബാക്സി ഈ അടുത്തകാലത്തായി യൂറോപ്പിലേയും ദക്ഷിണാഫ്രിക്കയിലേയും ഫാർമസ്യൂട്ടിക്കൽ കമ്പനികളെ ഏറ്റെടുക്കുകയുണ്ടായി. യൂറോപ്പിൽ ഔഷധങ്ങൾക്ക് വിലനിയന്ത്രണമില്ലാത്തത് വരുമാന വർദ്ധനവിന് സഹായിക്കും എന്നതായിരുന്നു അതിനുള്ള പ്രധാന കാരണം.

പ്രത്യാശയറ്റു എന്നല്ല, നിസ്വാർത്ഥതയോടെ സേവനസജ്ജരായി നിലകൊള്ളുന്ന ധാരാളം പേർ ഈ മേഖലയിലുണ്ട്. എങ്കിലും പല തെറ്റായ പ്രവണതകളും ആവർത്തനങ്ങളിലൂടെ നിസ്സാരവത്കരിക്കപ്പെടുന്നു. അതിനെതിരെ നാം ജാഗരൂകരാകണം. ആരോഗ്യമാണല്ലോ ഏറ്റവും വലിയ സമ്പത്ത്.

## വഖാറെ അമൽ നടത്തി

**കൂടാളി:** കൂടാളി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കൂടാളി പള്ളിപരിസരവും പൊതുനിരത്തും ശ്രമദാനത്തിലൂടെ ശുചീകരിച്ചു. പരിപാടിയിൽ അത്ഫാൽ, ഖുദ്ദാം, അൻസാർ സഹോദരങ്ങൾ സജീവമായി പങ്കെടുത്തു. ഈ പരിപാടിക്ക് ശേഷം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പ്രദർശന വോളിബോൾ മത്സരവും സംഘടിപ്പിച്ചു. മുഴുവൻ പരിപാടികൾക്കും ഖാഇദ് നസീം സാഹിബ് മുൻ ഖാഇദുമാരായ നിസാർ സാഹിബ്, ബശീർ സാഹിബ്, പി. ഉമ്മർ സാഹിബ് എന്നിവർ നേതൃത്വം വഹിച്ചു.



*വഖാറെ അമലിൽ ഏർപ്പെട്ട കൂടാളിയിലെ ഖാദിമുകൾ*

(5-ാം പേജിൽനിന്ന്)

രുന്നില്ല. ഈ യോഗത്തിലാണ് സുൽഫിക്കർ അലി ഭൂട്ടോ പാക്കിസ്ഥാന് അണുബോംബ് വേണമെന്ന ചിന്താഗതി മുന്നോട്ട് വെച്ചത്. അപ്പോഴവിടെ കൂടിയിരുന്ന ആളുകളൊക്കെയും വൈകാരികമായി ഭൂട്ടോയുടെ അഭിപ്രായത്തെ പിന്തുണച്ചു. മൂന്നോ അഞ്ചോ വർഷംകൊണ്ട് അണുബോംബ് നിർമ്മിക്കാനാകുമെന്ന് അവർ ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. ഈ വികാരജീവികളെ പക്ഷേ, ഡോ. സലാം തണുപ്പിക്കുകയാണുണ്ടായത്.

1975-ൽ ഞാൻ ഒട്ടാവയിലെ പാക്കിസ്ഥാൻ എംബസിയിൽ ജോലി ചെയ്യുകയായിരുന്നു. ഈ സമയം ഡോ. അബ്ദുൽസലാം പാക്കിസ്ഥാനിലെ ചീഫ് സയന്റിഫിക് അഡ്വൈസർ പദവി രാജിവെച്ചിരുന്നു. 1974-ൽ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്ന പ്രമേയം പാക് നാഷണൽ അസംബ്ലി പാസാക്കിയതിൽ പ്രതിഷേധിച്ചായിരുന്നു ഇത്. ഈ കാലഘട്ടത്തിൽ ഡോ. സലാം ഒട്ടാവ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ തലയിൽ ഒരു തലപ്പാവുണ്ടായിരുന്നു. 'ഡോ. സാഹിബ് എന്താണ് തൊപ്പി വച്ചിരിക്കുന്നത് എന്ന് ഞാൻ ആരാഞ്ഞപ്പോൾ സലാം പറഞ്ഞു. എന്നു മുതലാണോ ഞങ്ങളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചത് അന്നു മുതൽ റസൂലിന്റെ സുന്നത്ത് പൻപറ്റാൻ തന്നെ ഞാൻ തീരുമാനിച്ചു' ഡോ. സലാം നഗരത്തിലുള്ള സമയത്ത് ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ വിസമ്മതിച്ചിരുന്നു. എന്നാൽ ഞാൻ നിർബന്ധിച്ചപ്പോൾ അദ്ദേഹം അതിന് തയ്യാറായി. പിന്നീട് തിരികെ ചെന്നപ്പോൾ നന്ദി സൂചകമായി ഒരു കത്ത് അദ്ദേഹം അയച്ചുതന്നു. ഈ കത്തിൽ മിർസ അബ്ദുറഹിമാനോട് നന്ദി പറയാൻ എഴുതിയിരുന്നു. ഒട്ടാവയിലെ എംബസി ഡ്രൈവറായിരുന്നു റഹ്മാൻ. ഇയാളുടെ വാഹനത്തിലാണ് ഡോ. സലാം സഞ്ചരിച്ചത്.

ഇങ്ങനെയൊരു മനസ്സ് ഡോ. സലാമിന് മാത്രം അവകാശപ്പെട്ടതാണ്. ആയിരക്കണക്കിന് ആളുകളെ സഹായിച്ചിട്ടുള്ള ഡോ. അബ്ദുസ്സലാം മുഴുവൻ ആളുകളേയും തുല്യരായികണ്ടു.

മറ്റൊരിക്കൽ ഡോ. സലാമിനോട് 1974-ൽ രാജി വെച്ചതിനെക്കുറിച്ച് ചോദിച്ചു. ഭൂട്ടോയും ഇതേ കാര്യം തന്നെയാണ് ചോദിച്ചതെന്നായിരുന്നു സലാമിന്റെ മറുപടി. ഭൂട്ടോ ചോദിച്ചപ്പോൾ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ച നിലയിൽ തനിക്ക് ഈ പദവിയിൽ തുടരാൻ സാധിക്കില്ലെന്നാണ് സലാം പ്രതികരിച്ചത്. സലാമിനെ പിന്തിരിപ്പിക്കാൻ വേണ്ടി ഭൂട്ടോ ഇതൊരു രാഷ്ട്രീയ കാര്യമാണെന്നും സമയം തന്നാൽ നിയമം താൻ പിൻവലിക്കുമെന്നും പറഞ്ഞു. എന്നാൽ പറഞ്ഞാൽ പോരാ, എഴുതിത്തരണമെന്നായിരുന്നു സലാമിന്റെ ആവശ്യം. ഭൂട്ടോ സ്വതസിദ്ധമായ ശൈലിയിൽ ഇങ്ങനെ പറഞ്ഞു. "സലാം ഇത് സാധ്യമല്ല, കാരണം ഞാനൊരു രാഷ്ട്രീയക്കാരനാണ്."

ഡോ. സലാമിന് നോബൽ സമ്മാനം ലഭിക്കുന്ന സമയത്ത് ലണ്ടനിലായിരുന്നു ഞാൻ. വിദേശകാര്യവകുപ്പിൽനിന്ന് രാജിവെച്ച് അൽത്താഫ് ഗൗഹറിന്റെ തേർഡ് വേൾഡ് ഫൗണ്ടേഷനിലായിരുന്നു ഞാനപ്പോൾ. ഇതേസമയം ഡോ. സലാമും ലണ്ടനിലെ താമസക്കാരനായിരുന്നു. അൽത്താഫ് ഗൗഹറും, ഡോ. സലാമും സതീർത്ഥ്യരായിരുന്നു. തേർഡ് വേൾഡ് ഫൗണ്ടേഷൻ സലാമിന്റെ ബഹുമാനാർത്ഥം ഒരു വലിയ പാർട്ടി നടത്തുകയുണ്ടായി. ഈ പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചത് ഞാനായിരുന്നു. കുറച്ച് ദിവസത്തിനുശേഷം ഒരു പരിപാടിയുടെ ഫോട്ടോകളുമായി ഞാൻ ഡോ. സലാമിനെ കണ്ടപ്പോൾ ആഹ്ലാദത്തോടെയും, പ്രസന്നതയോടെയും എന്റെ കൂടെ അദ്ദേഹം സംസാരം തുടങ്ങി. ഈ സംസാരം എന്നെ സംബന്ധിച്ചിടത്തോളം വലിയൊരു ബഹുമതിയായിരുന്നു.

തീരെ അസഹിഷ്ണുത ഇല്ലാത്ത ആളായിരുന്നു ഡോ. സലാം. അദ്ദേഹത്തെ യുനെസ്കോയുടെ ഡയരക്ടർജനറലായി പാക്കിസ്ഥാൻ നാമനിർദ്ദേശം ചെയ്തിരുന്നെങ്കിൽ എളുപ്പത്തിൽ സലാം വിജയിക്കുമായിരുന്നു. എന്നാൽ ഷാഹിബ്സാദാ യാകൂബ്ഖാനെയാണ് പാക്കിസ്ഥാൻ മത്സരത്തിനെടുത്തത്. ആത്മീയ ഇനായത്തുള്ള യാകൂബ്ഖാന് വേണ്ടി ലോബിയിങ്ങ് നടത്തി. ഫലം പരാജയമായിരുന്നു. നോബൽ സമ്മാന വിജയത്തിനു ശേഷം മിക്കവാറുമെല്ലാ മുസ്‌ലിം രാജ്യങ്ങളുടേയും തലസ്ഥാനം ഡോ സലാം സന്ദർശിച്ചിരുന്നു. ഇവിടെയൊക്കെ ഓരോ രാജ്യങ്ങളുടേയും ജി.ൻ.പി.യുടെ ഒരു ശതമാനം ശാസ്ത്രീയ വിദ്യാഭ്യാസത്തിന് മാറ്റിവെക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. എന്നാൽ ആരും ഈ അഭ്യർത്ഥന മാനിച്ചില്ല. ഇക്കൂട്ടത്തിൽ ഡോ. സലാം ലിബിയ സന്ദർശിച്ചപ്പോൾ കേണൽ ഗദ്ദാഫിക്ക് ഒന്നേ ചോദിക്കാനുണ്ടായിരുന്നുള്ളൂ. അണുബോംബ് ഉണ്ടാക്കിത്തരാൻ സലാമിനോട് ഗദ്ദാഫി ആവശ്യപ്പെട്ടു. താനത്തരം ശാസ്ത്രജ്ഞനല്ല എന്ന് സലാം പറഞ്ഞതോടെ സലാമിന്റെ മേലുള്ള എല്ലാ താല്പര്യങ്ങളും ഗദ്ദാഫിക്ക് നഷ്ടപ്പെട്ടു.

പ്രൊഫ. അഷ്ഫാഖ് അലിഖാൻ പറയുന്നതുപോലെ ഡോ. സലാം നിർഭാഗ്യവാനാണ്. ഓരോ തവണയും മഹത്തരമായ കരങ്ങളിലൂടെ ചരിത്രം അദ്ദേഹത്തെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്തോറും ആ കരം ഇളകിപ്പോവുകയാണ്. എന്തായാലും തെറ്റ് തിരുത്താനുള്ള നല്ലൊരവസരമാണ് ജനറൽ പർവേശ് മുശറഫിനുള്ളത്. ഡോ. സലാമിന്റെ 10-ാം ചരമ വാർഷികവേളയിൽ അദ്ദേഹത്തിന്റെ കബർ സന്ദർശിച്ച് പാക്കിസ്ഥാനിലെ ജനങ്ങളുടെ പേരിൽ ഒരു പുഷ്പചക്രം സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ റബ്‌വയുടെ പേര് ചിനാബ് നഗർ എന്നാക്കി മാറ്റിയ നിയമം പിൻവലിക്കാനും മടിച്ചുകൂടാ.

# പരാജയത്തിന്റെ ട്രാക്കിലൂടെ ഇന്ത്യൻ അത്‌ലറ്റിക്സ്

**ടി. ശാജിർ അഹ്മദ്**

ദോഹ ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ അത്‌ലറ്റിക്സ് നിരാശാമാത്രം പൊരുതി നേടി. കഴിഞ്ഞ തവണ ബുസാനിൽ 7 സ്വർണ്ണം, ആറ് വെള്ളി, മൂന്ന് വെങ്കലം എന്നിങ്ങനെയായിരുന്നു ഇന്ത്യയുടെ നേട്ടമെങ്കിൽ ദോഹയിൽ ഇതിന് യഥാക്രമം ഒന്ന്, അഞ്ച്, നാല് എന്നിങ്ങനെ ചുരുങ്ങി. തീപാറുന്ന പോരാട്ടങ്ങൾ ഒന്നും നടന്നില്ലായെങ്കിലും ഇന്ത്യൻ മെഡൽ പ്രതീക്ഷകൾ മിക്ക ഇനങ്ങളിലും തകർന്നടിഞ്ഞു. പ്രതീക്ഷയുണർത്തി മത്സരിച്ച ഇന്ത്യൻ താരങ്ങൾ ഏറെ പിറകിലായിപ്പോയി, ദോഹയിൽ.

ഇന്ത്യയുടെ സ്വർണ്ണ മെഡൽ പ്രതീക്ഷയായിരുന്ന അഞ്ജുബോബി ജോർജ്ജ് വെള്ളികൊണ്ട് തൃപ്തിപ്പെട്ടു. അഞ്ജുവിന്റെ ചാട്ടങ്ങൾ ആദ്യഘട്ടത്തിൽ മെഡൽ നേടുമോ എന്ന സംശയം ജനിപ്പിച്ചെങ്കിലും അവസാനചാട്ടത്തിൽ മുഴുവൻ ഊർജ്ജവും പുറത്തെടുത്ത് വെള്ളി നേടുകയായിരുന്നു. അഞ്ജുവിന് മുന്നിൽ സ്വർണ്ണം നേടിയ ജപ്പാന്റെ കുമിക്കോ ഇക്തസോ 6.81 ദൂരം പിന്നിട്ടു. അഞ്ജുവിന് 6.52 ദൂരം മാത്രമേ താണ്ടാൻ സാധിച്ചുള്ളൂ. ഇന്ത്യയുടെ മറ്റൊരു സുവർണ്ണ പ്രതീക്ഷയായിരുന്നു പുരുഷവിഭാഗം ഡിസ്കസ്ത്രോയിൽ മത്സരിച്ച വികാസ്ഗൗഡ. എന്നാൽ ഗൗഡ ആറാം സ്ഥാനത്തേക്കാണ്




ഡിസ്കസ് പറത്തിയത്. ഇന്ത്യയുടെ എസ്. ശാന്തി അപ്രതീക്ഷിതമായി സ്ത്രീകളുടെ 800 മീറ്ററിൽ വെള്ളി നേടി. (എന്നാൽ ലിംഗനിർണ്ണയ പരിശോധനയിൽ വെള്ളി തിരികെ കൊടുക്കേണ്ടി വന്നു) അതുപോലെതന്നെ മലയാളി താരം ഒ.വി. ജയിഷ 5000 മീറ്ററിൽ വെങ്കലം നേടി. വനിതകളുടെ ഡിസ്കസിൽ വെള്ളി നേടിയ കൃഷ്ണപൂനിയ മറ്റൊരു അപ്രതീക്ഷിത നേട്ടത്തിനുടമയായി.

അത്‌ലറ്റിക്സിൽ ഇന്ത്യയുടെ ഏക സ്വർണ്ണം നേടിയത് 4 x 400 മീറ്ററിൽ വനിതാ റിലേ ടീം ആയിരുന്നു. ഈ സ്വർണ്ണനേട്ടത്തിന് പ്രധാന കാരണമായത് പിത്ര.കെ. സോമൻ നടത്തിയ അവിസ്മരണീയ പ്രകടനമായിരുന്നു. പുരുഷന്മാരുടെ 4 x 400 മീറ്റർ റിലേയിൽ മൂന്ന് മലയാളികൾ ഉൾപ്പെട്ട ഇന്ത്യൻ ടീം വെള്ളിയും കരസ്ഥമാക്കി. ബാറ്റൺ കൈമാറ്റത്തിലെ ചെറിയ പ്രശ്നമാണ് ഇവിടെ ഇന്ത്യയെ ചതിച്ചത്. ഇതുപോലെ തന്നെ 1500 മീറ്ററിൽ വെങ്കലം നേടിയ സിനിമോൾ പൗലോസിനും നേരിയ വ്യത്യാസത്തിനാണ് വെള്ളി നഷ്ടമായത്. പുരുഷന്മാരുടെ ട്രിപ്പിൾജംപിൽ മലയാളിതാരം എം. രഞ്ജി നാലാമതെത്തി. വനിതകളുടെ 400 മീറ്ററിൽ മഞ്ജിത് സിംഗ് വെള്ളി നേടി. ഈയിനത്തിൽ കസാഖിസ്ഥാന്റെ ഓൾഗ തെരഷ്കോവ സ്വർണ്ണം കയ്യിലാക്കിയത് കടുത്ത പോരാട്ടത്തിനൊടുവിലാണ്. 5000 മീറ്ററിലും 10000 മീറ്ററിലും പുതിയ പ്രതീക്ഷയായി പ്രിജ നടത്തിയ പോരാട്ടങ്ങൾ ശ്രദ്ധിക്കപ്പെട്ടു.

എന്തായാലും ഇന്ത്യൻ അത്‌ലറ്റിക്സിനിത് നിരാശയുടെ ഗെയിംസായിരുന്നു. വിവാദങ്ങളും, പ്രശ്നങ്ങളും ഇന്ത്യൻ അത്‌ലറ്റിക്സിനിത് വലിയ തിരിച്ചടിയാകുന്നു. 1800 മീറ്ററിനു പകരം 400 മീറ്റർ ഓടിവന്ന പിങ്കി പ്രമാണിക്, ഉത്തേജക മരുന്ന് വിവാദവുമായി സീമ, അവസാനം ലിംഗനിർണ്ണയ പരിശോധനയിൽ പുറത്തായ ശാന്തി.. ഇങ്ങനെ നാണക്കേടുകളുടെ വലിയ പരമ്പരയാണ് കാണാനുള്ളത്. ഉറപ്പിച്ച മെഡലുകൾ പോലും നഷ്ടപ്പെട്ട്, പരാജയത്തിന്റെ കനത്ത ഭാരവുമായിട്ടായിരുന്നു ഇന്ത്യ ദോഹയിൽ നിന്ന് തിരികെ വന്നത്.



പാകിസ്ഥാനിൽ വൻദുരന്തം വിതച്ച ഭൂകമ്പത്തെത്തുടർന്ന് ഹ്യൂമാനിറ്റി ഫസ്റ്റ് നടത്തിയ ദുരിതാശ്വാസ ക്യാമ്പിൽ സന്ദർശകനായി എത്തിയ പാക് പ്രസിഡണ്ട് ജന. പർവേശ് മുശ്റഫ്

**എക്സിബിഷൻ അൽ-ഖുർആൻ**
**ഇന്റർനാഷണൽ 2007**
**മജ്‌ലിസ് അൻസാറുല്ലാ**
കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ
**ഫെബ്രുവരി 23 മുതൽ**
**കണ്ണൂർ പോലീസ് മൈതാനിയിൽ.....**

(6-ാം പേജിൽനിന്ന്)

മിലെ ആരാധനകൾ' എന്ന വിഷയത്തിൽ മൗലാനാ ഇനായത്തുല്ലാ സാഹിബ് പ്രസംഗിച്ചു. പിന്നീടുള്ള വ്യത്യസ്ത സമ്മേളനങ്ങളിൽ മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലാനാ ഗുലാം റിയാസ് സാഹിബ് തുടങ്ങിയവർ സംസാരിച്ചു.

മൂന്നാം ദിവസം സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ സമാപനപ്രഭാഷണം നടന്നു. ഈ പ്രഭാഷണം എം.ടി.എ ലോകം മുഴുവൻ തൽസമയ പ്രക്ഷേപണം നടത്തി. സമ്മേളനത്തിൽ മലയാളം ഉൾപ്പെടെ പത്ത് ഭാഷകളിൽ തത്സമയ പരിഭാഷക്കുള്ള സജ്ജീകരണവുമുണ്ടായിരുന്നു. സമ്മേളനത്തോടനുബന്ധിച്ച് പതിനാറോളം വിവാഹങ്ങളുടെ വിളംബരവും നടന്നു.

(7-ാം പേജിൽനിന്ന്)

ആളുകൾ ഖാദിയാനിയാകുന്നതിൽ ഞങ്ങൾക്ക് വിഷമം ഉണ്ട്. അതുകൊണ്ടാണ് ചോദിക്കുന്നത്. എന്താണ് വാസ്തവം?'' യൂസുഫ് സാഹിബ് മറുപടി പറഞ്ഞു. "ഞാൻ ഖാദിയാനിയായിട്ടില്ല." അവർക്കു സന്തോഷം. പക്ഷേ, യൂസുഫ് സാഹിബ് ഒന്നുകൂടി പറഞ്ഞു. 'സത്യമാണെങ്കിൽ ഞാൻ ഖാദിയാനിയാകും.' അതോടെ അവർ ഞെട്ടി.

ഇതിനിടയിൽ സലീം സാഹിബിന്റെ ഭാര്യാപിതാവിനെ കണ്ടുമുട്ടി. അദ്ദേഹം മസീഹ് മൗഊദ്(അ)നെ ചീത്ത പറഞ്ഞപ്പോൾ യൂസുഫ് സാഹിബിന് സഹിച്ചില്ല. വാക്കായി. അതോടെ വീണ്ടും പ്രചാരണം. യൂസുഫ് ഖാദിയാനിതന്നെ. തുടർന്ന് പ്രശ്നങ്ങൾ മാത്രം. ഭാര്യയെ നിർബന്ധിച്ച് സ്വന്തം വീട്ടിലേക്ക് വിളിപ്പിച്ചു. തടങ്കലിലാക്കി. കാണാൻ പാടില്ലെന്ന് തീർത്തുപറഞ്ഞു. ഭാര്യാവീട്ടിൽനിന്നും ഒരുകൂട്ടം യൂസുഫ് സാഹിബിന് ഭ്രാന്താണെന്ന് മുദ്രകുത്തി കളിയാക്കി. തെരുവിലൂടെ നടന്നു. സ്വന്തം വീട്ടിലും ഭാര്യാവീട്ടിലും നാട്ടിലും ആകെ ബഹളം. ഒരുവിഭാഗം ഉപരോധവുമായി രംഗത്തെത്തി. സ്വന്തം വീട്ടിൽ കയറുമ്പോൾ ഉപരോധം. ഭാര്യാവീട്ടിലെത്തുമ്പോൾ മറ്റൊരുപരോധം. നാട്ടിൽ നിൽക്കാൻ പറ്റാതായി. അതോടെ നാടുവിടാൻ തീരുമാനിച്ചു. സലീം സാഹിബിനുമൊത്ത് കൊച്ചിയിലെത്തി ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു. അവിടെ കൊച്ചിമിഷൻ ഹൗസിൽ ജുമുആക്ക് പോയി. ഖതീബിനെ കാണാനുള്ള ആഗ്രഹം മനസ്സുനിറയെ. ഖതീബ് താടിവെച്ച അറിവാളനായിരിക്കും മനസ്സിൽ കരുതി. കാത്തുനിന്നു. ഒടുവിൽ ഒരാൾ വന്നു തപ്പിത്തടഞ്ഞു ഖുത്ബ പറഞ്ഞു. ആകെ നിരാശനായി. പക്ഷേ, മനസ്സ് വീണ്ടും പാകപ്പെടുത്തി. നമസ്കാരത്തിനുശേഷം ആരാഞ്ഞു. ഇവിടെ പണ്ഡിതൻ ഇല്ലേ. അവർ പറഞ്ഞു ഉണ്ട്. മറ്റൊരു സ്ഥലത്ത് പോയിരിക്കുകയാണ്. വൈകുന്നേരം വരും. അതോടെ സമാധാനമായി. യൂസുഫ് സാഹിബ് കാത്തിരുന്നു. 3 മണിയാകുമ്പോഴേക്കും പണ്ഡിതനെത്തിച്ചേർന്നു. (ഫാറൂഖ് മൗലവി സാഹിബ്) അദ്ദേഹത്തിന്റെ വേഷം കണ്ടപ്പോൾ യൂസുഫ്സാഹിബിന് സമാധാനമായി. കുറേ സംസാരിച്ചു. ബയ്അത്ത് ചെയ്യാൻ ആഗ്രഹം പറഞ്ഞു. മൗലവി സാഹിബ് പറഞ്ഞു ഇപ്പോൾ വേണ്ട. പക്ഷേ, യൂസുഫ് സാഹിബിന് ധൃതിയായി. ഒടുവിൽ ഇശാക്കുശേഷം ബയ്അത്ത് ചെയ്യിക്കാമെന്നേറ്റു. അതിനെ 1989 ഒക്ടോബർ 27-ന് യൂസുഫ് സാഹിബ് അഹ്മദിയായി. എറണാകുളത്ത് താമസവുമാക്കി.

പിന്നീട് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു സമ്മേളനം കൊടുങ്ങല്ലൂരിൽ നടത്തുമ്പോഴേക്കും കുറച്ചാളുകൾകൂടി ബയ്അത്ത് ചെയ്തു. അവിടെ വീണ്ടും ഒറ്റപ്പെട്ടു. പട്ടിണിയാലായി. സലീം സാഹിബിനും യൂസുഫ് സാഹിബിനും ഗുഹാവാസികളുടെ അവസ്ഥ. ക്രമേണ കാര്യങ്ങൾ ശരിയായി. തുടർന്ന് കോഴിക്കോട് മദ്രസയിലെ അദ്ധ്യാപകനായി. ഇപ്പോൾ യൂസുഫ് സാഹിബിന് നാട്ടിൽ പോകാം. ആരേയും കാണാം. മുമ്പ് കളിയാക്കിയവർ യൂസുഫ് സാഹിബിനെ നേരിൽ കാണാൻ മടിക്കുന്നു. അല്ലാഹുവിന്റെ മറിമായം!!

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.